"ബ്രഹ്മവിദാപ്നോതി പരം"

ഓം

# ജ്ഞാനപ്രഭ

പുസ്തകം 3 | 1965 സെപ്തമ്പർ 1 | ലക്കം 11

വിജ്ഞാനാത്മാ സഹദേവൈശ്ച സർവ്വൈഃ
പ്രാണാ ഭൂതാനി സംപ്രതിഷ്ഠന്തിയത്ര।
തദക്ഷരം വേദയതേ യസ്തു സോമ്യ
സ സർവ്വജ്ഞഃ സർവ്വമേവാഽവിവേശ ॥

പ്രശ്നോപനിഷത്ത് IV–11

വിജ്ഞാനസ്വരൂപനായ ജീവാത്മാവും, അഗ്നി തുടങ്ങിയ ദേവന്മാരോടുകൂടി, നേത്രാദികളായ പ്രാണങ്ങളും, പൃഥിവി തുടങ്ങിയ ഭൂതങ്ങളും ഏതക്ഷരബ്രഹ്മത്തിലാണോ പ്രവേശിക്കുന്നതു്, ആ നാശമില്ലാത്ത വസ്തുവേ (അക്ഷരത്തേ) അറിയുന്നവൻ എല്ലാം അറിയുന്നവനായി എല്ലാ വസ്തുവിലും പ്രവേശിക്കുന്നു.

വാർഷികവരിസംഖ്യ: 4–50

# വിഷയവിവരം


| | | |
|---|---|---|
| 1. | ധർമ്മസംരക്ഷണം | 1 |
| 2. | ബൃഹദാരണ്യകോപനിഷദ് | 4 |
| | —സ്വാമി ആത്മാനന്ദ | |
| 3. | വൈരാഗ്യശതകം (ഭർതൃഹരി) | 10 |
| | —സ്വാമി പൂർണ്ണാനന്ദതീർത്ഥ | |
| 4. | അമരവാണി | 13 |
| 5. | വിവേകചൂഡാമണി—ഭാഷ | 14 |
| | —സ്വാമി ദയാനന്ദതീർത്ഥ | |
| 6. | പരമപുരുഷാർത്ഥം | 17 |
| | —ശാന്താദേവി | |
| 7. | ലഘുവാസുദേവമനനം | 19 |
| | —സ്വാമി പുരുഷോത്തമതീർത്ഥ | |
| 8. | യോഗവാസിഷ്ഠത്തിലെ രണ്ടു ശ്ലോകങ്ങൾ | 24 |
| 9. | തത്ത്വാർത്ഥകഥകൾ | 27 |
| | —സ്വാമി ദയാനന്ദതീർത്ഥ | |
| 10. | ജ്ഞാനാശ്രമവാർത്തകൾ | 32 |



ജ്ഞാനാശ്രമം, P. O. പാർളിക്കാട്ട്,
വടക്കാഞ്ചേരി, തൃശ്ശൂർ ഡിസ്ട്രിക്ട്,
കേരളാ സ്റ്റേററ്.

"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രദ

ന കർമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ.

| പുസ്തകം 3 | 1965 സെപ്തംബർ 1 | ലക്കം 11 |
|---|---|---|


## "ധർമ്മസംരക്ഷണം"

"ധർമ്മസംരക്ഷണം ചെയ്യുന്നവനെ ധർമ്മംതന്നെ സംരക്ഷിച്ചുകൊള്ളും" എന്നു് അതിപ്രസിദ്ധമായ ഒരു നീതിവാക്യമുണ്ടു്. ധർമ്മസംസ്ഥാപനാർത്ഥമുള്ള പ്രവൃത്തികൾകൊണ്ടു് ധർമ്മം പ്രബലമാകയും അധർമ്മം ക്ഷയിക്കയും ചെയ്യുമല്ലോ. ധർമ്മസ്വഭാവം സർവ്വലോകഹിതരതിയാണു്. അതിനാൽ ധർമ്മസംരക്ഷണാർത്ഥമുള്ള കർമ്മങ്ങൾ ലോകത്തിൽ അത്യധികം പ്രാധാന്യം അർഹിക്കുന്നു എന്നതു് നിർവ്വിവാദമത്രേ.

എന്നാൽ ഇക്കാലങ്ങളിൽ ലോകത്തിന്റെ ഗതി നേരേ വിപരീതമാർഗ്ഗത്തിലൂടെയാണു്. ഇന്നു് എങ്ങും മുടി ചൂടി വാഴുന്നതു് അധർമ്മമാണു്. അധർമ്മിയാണിന്നത്തെ പ്രബലൻ; അധർമ്മമാണിന്നത്തെ രാജനീതി. രാഷ്ട്രതന്ത്രവും, ഭരണതന്ത്രവും ഉൾപ്പെടെ എല്ലാ പ്രവർത്തനതലങ്ങളുടേയും വിജയവും വൈശിഷ്ട്യവും അസത്യത്തിന്റേയും, അധർമ്മത്തിന്റെയും കൈമുതലായിത്തീർന്നിരിക്കയാണു്. ആ ആയസവലയത്തിൽപ്പെട്ടവൻ സത്യധർമ്മാദികളിൽ വിശ്വസിക്കുന്നപക്ഷം അവൻ അപജയത്തിന്റെ ചെളിക്കുണ്ടിൽ ആഴ്ന്നമർന്നു് നശിക്കയേയുള്ളു. സത്യധർമ്മാദികളിൽ ബഹുമാനമില്ലാതെയും, എന്നാൽ ഭാഷയിലും ഭാവത്തിലും സത്യധർമ്മാദികളുടെ പരിവേഷം അണിഞ്ഞും ആയിരിക്കും ഇന്നത്തെ വിജയിയുടെ ഗതി. ഇങ്ങിനെ കള്ളക്കമ്മട്ടവുമേന്തി മുന്നോട്ടു പോകുന്ന ലോകം എത്ര നാൾ ഈ പോക്കു തുടരും! ഇതെത്ര നാൾ മനുഷ്യൻ സഹിച്ചുകൊണ്ടിരിക്കും!

അധർമ്മത്തിലും, അസത്യത്തിലുംകൂടി പ്രവർത്തിച്ചു് വിജയം കൈവരിക്കാമെന്നുണ്ടെങ്കിൽ, ആദ്യം പറഞ്ഞ ആപ്തവാക്യസാരം നിരർത്ഥകമല്ലേ എന്നു് ചോദിക്കുന്നതിൽ അപ്രസക്തിയില്ല. മനുഷ്യൻ മനസ്സിലാക്കുന്ന വിജയത്തിൻെറ മാനദണ്ഡം എന്താണു് എന്നു് ഇത്തരുണത്തിൽ അല്പമൊന്നു് ചിന്തിച്ചേ പറവൂ. സ്വാർത്ഥലാഭത്തിനും, അതിൽനിന്നും ഉത്ഭൂതമാകുന്ന അഹങ്കാരവിജൃംഭണത്തിനുംമാത്രം ഉതകുന്നതും ഭൗതികതലത്തിൽമാത്രം നിലനില്പുള്ളതുമായ ചില സ്ഥാനങ്ങളും, പദവികളും, സമ്പത്തും ലഭിക്കുന്നതുമാത്രമാണു് വിജയമെങ്കിൽ പല അവസരങ്ങളിലും ധർമ്മത്തിനു് തോൽവി പററിയതായി സമ്മതിച്ചേ തീരൂ. എന്നാൽ ഇതിൽനിന്നു് തുലോം വിഭിന്നമായ ആത്മശാന്തിയും, സംതൃപ്തിയും, അതിൽനിന്നുൽഭൂതമാകുന്ന മനഃപ്രസാദവുമാണു് നമുക്കു് വേണ്ടതെങ്കിൽ, ധർമ്മത്തിൻെറ വെന്നിക്കൊടി പാറിക്കളിക്കാതെ നിർവ്വാഹമില്ലതാനും.

തെററായ ധാരണകളുടെ ഒരു വേലിയേററമാണിന്നു് നാം എവിടെ നോക്കിയാലും കാണുന്നതു്. എല്ലാവർക്കും എക്കാലവും വേണ്ടതു് ശാന്തിയും സമാധാനവുമാണു്; സംശയമില്ല. അതു നേടിയെടുക്കാനാണു് അവിശ്രമം എല്ലാവരും പണിയെടുക്കുന്നതും. ഇവിടെ തെററു പററുന്നതു് സ്വീകരിക്കുന്ന മാർഗ്ഗത്തെ സംബന്ധിച്ചിടത്തോളമാണു്. ഭൗതികതയിൽനിന്നും വിഭിന്നമായി ജീവിതത്തെ ആനന്ദമയമാക്കാൻ പോരുന്ന എന്തെങ്കിലും ഉണ്ടെന്നു് കരുതുന്നതുപോലും തികഞ്ഞ വിഡ്ഢിത്തമായിക്കരുതുന്നവരാണു് ഇന്നത്തെ പരിഷ്കാരജീവികളിൽ തൊണ്ണൂററി ഒൻപതു ശതമാനവും. കമ്പോളങ്ങളിൽ കിട്ടുന്ന പരിഷ്കൃതങ്ങളായ ഉപഭോഗസാധനങ്ങളുടെ ലബ്ധിയാണു് ചിലരുടെ സുഖം. മററുള്ളവരുടെ മുൻപിലെ വൻപത്തമാണു് ചിലക്കു് വേണ്ടതു്. പ്രതാപമാണു് ചിലർ കാംക്ഷിക്കുന്നതു്. അധികാരശക്തിയിലാണു് മററു ചിലരുടെ മനസ്സു ചെന്നു പററുന്നതു്. എന്നു വേണ്ട ലോകത്തിൽ ബാഹ്യങ്ങളായ വിഷയങ്ങളിൽനിന്നല്ലാതെ മറെറവിടെനിന്നും സുഖവും, സമാധാനവും, സംതൃപ്തിയും കണ്ടെടുക്കാൻ കഴിയുമെന്നുപോലും അവർ കരുതുന്നില്ല. അത്യന്തം അപകടകാരിയായ ഈ തെററിദ്ധാരണ മാറലാണിന്നു് ലോകത്തിനു് അത്യാവശ്യമായിരിക്കുന്നതു്.

ധർമ്മമൂല്യങ്ങളോടിണങ്ങിച്ചേർന്ന അദ്ധ്യാത്മികതയുടെ അഭാവമാണു് ലോകത്തിൻെറ ഇന്നത്തെ സകലവിധങ്ങളായ വിപത്തുകൾക്കും

കാരണമായിട്ടുള്ളതു്. സംതൃപ്തമായ ഒരു ജനതയുടെ ഇടയിൽ അതൃപ്തനായി ഒരുവനു് കഴിഞ്ഞുകൂടാൻ സാദ്ധ്യമാകയില്ല. സംതൃപ്തി, സംതൃപ്തിയേ ഉളവാക്കി വളർത്തും, അതേപ്രകാരം അതൃപ്തി അതൃപ്തിയേയും. തത്തുല്യങ്ങളായ ഗുണവിശേഷങ്ങളേ കാണാനും വളർത്തിയെടുക്കാനുമുള്ള പ്രചോദനവും കഴിവും ഈ ജീവരാശികളിൽ എക്കാലവും സ്വയം നിക്ഷിപ്തമാണു്. ഗുണമദ്ധ്യത്തിൽനിന്നു് സമാനങ്ങളായ ഗുണങ്ങളെത്തേടി എങ്ങും പോകേണ്ടതായില്ല. പക്ഷേ സദ്ഗുണങ്ങൾ ഉള്ളിടത്തെ സദ്ഗുണം വന്നു ചേരുകയുള്ളു. ധർമ്മം വളരുന്നിടത്തു് അധർമ്മത്തിനു് സ്ഥാനം കാണുകയില്ല. ധർമ്മം വളർത്തിയെടുത്താൽമതി അധർമ്മം തനിയേ നീങ്ങിപ്പൊയ്ക്കൊള്ളും. ധർമ്മത്തെ രക്ഷിക്കുന്ന ജനതയിൽ അധർമ്മം വന്നുപെടുകയില്ല. അവരെ രക്ഷിക്കാനുള്ള ബാദ്ധ്യത അവരാൽ രക്ഷിതമായ ധർമ്മംതന്നെ ഏറ്റെടുത്തുകൊള്ളും.

സത്യത്തിൽ—പരമാത്മവസ്തുവിൽ—അധിഷ്ഠിതമായ ധർമ്മബോധം വളന്ന മനുഷ്യമനസ്സിൽ, ശാന്തിയും സമാധാനവും താനെ വിളയാടിക്കൊള്ളും. ധർമ്മച്യുതി അസത്തിലേക്കു് വഴിതെളിക്കുന്നു. അസത്തു് വിക്ഷേപങ്ങളായും, തമോരൂപങ്ങളായും നമ്മെ അഭിമുഖീകരിച്ചു്, അസ്ഥിരതയിലും, അശാന്തിയിലും അസുഖത്തിലും കൊണ്ടെത്തിക്കുന്നു. ഇന്നത്തെ ലോകത്തിനു വന്നിരിക്കുന്ന ഗതികേടിവിടെയാണു്. ധർമ്മം വാക്കിൽ മാത്രമായപ്പോൾ സുഖസമാധാനങ്ങൾ ഓർമ്മയിൽനിന്നുപോലും ഓടിയൊളിച്ചു. പരസ്പരം സ്പർദ്ധയും, അസൂയയും ഉൾക്കൊണ്ടു്, തങ്ങൾക്കാവശ്യമുള്ള ലക്ഷ്യമേതെന്നുപോലും അറിയാതെ, ശരീരത്തെമാത്രം പൂജിക്കുന്നവരായി, ആസുരഭാവമുൾകൊണ്ടു് ഇന്നത്തെ ലോകം, അതിന്റെ അടുത്ത പടിയായ ആത്മഹത്യയിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കയാണു്. ഈ ആപത്തിൽനിന്നും രക്ഷപ്പെടാനുള്ള ഒരേ ഒരു പോംവഴി, മനുഷ്യൻ ധർമ്മമാർഗ്ഗം സ്വീകരിക്കമൊത്രമാണു്. അങ്ങിനെ ധർമ്മസംരക്ഷണത്തിനുവേണ്ടി നാം മുതിരുന്നപക്ഷം ധർമ്മം നമ്മെയും രക്ഷിക്കും. ലോകം വിനാശത്തിൽനിന്നും രക്ഷപ്പെടും.

ചന്ദ്രനെ രാഹുവെന്നപോലെ ഈ ധർമ്മഭൂമിയെ നാലുപാടുനിന്നും അധർമ്മം ഗ്രസിക്കയാണു്. നാം നമ്മുടെ നാടിനെ നാമത്തിൽമാത്രം ധർമ്മഭൂമിയാക്കുന്നതിനാലാണു് ഇതു സംഭവിക്കുന്നതു്. സത്യധർമ്മാദികളിൽ അടിയുറപ്പിച്ചു് ധീരന്മാരായി മുന്നോട്ടുനീങ്ങിയാൽ സൂര്യന്റെ മുൻപിൽ ഇരുളെന്നപോലെ അധർമ്മം നാമാവശേഷമാകും. ധർമ്മത്തെ രക്ഷിക്കുന്നവരെ ധർമ്മം രക്ഷിക്കതന്നെ ചെയ്യും!

# ബൃഹദാരണ്യകോപനിഷദ്
## (സ്വാമി ആത്മാനന്ദ)
[തുടർച്ച]

മൂലം:—11. സ യഥോർണ്ണനാഭിസ്തന്തുനോച്ചരേദ്യഥാഗ്നേഃ ക്ഷുദ്രാ വിസ്ഫുലിംഗാ വ്യുച്ചരന്ത്യേവമേവാസ്മാദാത്മനഃ സർവ്വേ പ്രാണാഃ സർവ്വേ ലോകാഃ സർവ്വേ ദേവാഃ സർവ്വാണിഭൂതാനി വ്യുച്ചരന്തിതസ്യോപനിഷത്സത്യസ്യ സത്യമിതി പ്രാണാ വൈ സത്യം തേഷാമേഷ സത്യം. 2, 1, 20.

ഭാഷ:—അതു്, (ഇപ്രകാരമാണ്) എപ്രകാരമാണോ തനിക്ക് യാത്ര ചെയ്യാനുള്ള നൂൽ തന്നിൽനിന്നുതന്നെ ചിലന്തി പുറപ്പെടുവിക്കുന്നതു്, എപ്രകാരമാണോ അഗ്നിയിൽനിന്നു് ചെറിയ തീപ്പൊരികൾ പലതായി തെറിച്ചു പുറത്തു വരുന്നതു്, അപ്രകാരം ഈ ആത്മാവിൽനിന്നുതന്നെ എല്ലാ പ്രാണങ്ങളും, എല്ലാ ലോകങ്ങളും, എല്ലാ ദേവന്മാരും, എല്ലാ ഭൂതങ്ങളും വിവിധങ്ങളായി ഉദ്ഗമിക്കുന്നു. ആ ആത്മാവിന്റെ ഉപനിഷത്തു് (ബ്രഹ്മത്തിന്നടുക്കൽ എത്തിക്കുന്ന ശബ്ദം) "സത്യത്തിന്റെ സത്യം എന്നതാകുന്നു". സത്യമെന്നു് പറയുന്നതു് (നമ്മുടെ ഇന്ദ്രിയജ്ഞാനത്തിൽപ്പെടുന്നതു്) പ്രാണങ്ങളാകുന്നു. അവയുടെ സത്യം (അദൃഷ്ടാർത്ഥമായ അടിസ്ഥാനം) ഈ ആത്മാവാകുന്നു.

### യാജ്ഞവല്ക്യമൈത്രേയീ സംവാദം

മൂലം:—12. മൈത്രേയീതി ഹോവാച യാജ്ഞവല്ക്യ ഉദ്യാസ്യന്വാ അരേ അഹമസ്മാത്സ്ഥാനാദസ്മി ഹന്ത തേഽനയാ കാത്യായന്യാന്തം കരവാണീതി. 2, 4, 1.

ഭാഷ:—യാജ്ഞവല്ക്യൻ 'മൈത്രേയീ' എന്നു് വിളിച്ചിട്ടു് (അവളോടു്) പറഞ്ഞു. "ഹേ! ഞാൻ ഈ ഗൃഹസ്ഥാശ്രമത്തിൽനിന്നു് അതീതാശ്രമങ്ങളിലേക്കു് പോകുവാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ എന്റെ ഈ കാത്യായിനിയോടും നിന്നോടുമുള്ള ബന്ധത്തെ (സ്വത്തു സംബന്ധിച്ച ബന്ധത്തെ) വിച്ഛേദം ചെയ്യാൻ പോകുന്നു" എന്നു പറഞ്ഞു.

മൂലം:—13. സാ ഹോവാച മൈത്രേയീ. യന്നു മ ഇയം ഭഗോഃ സർവാ പൃഥിവീ വിത്തേന പൂർണ്ണാ സ്യാത്സ്യാം കഥം തേനാമൃതാ സ്യാമിതി

നേതി ഹോവാച യാജ്ഞവല്ക്യോ യഥൈവോപകരണതാം ജീവിതം തഥൈവ തേ ജീവതം സ്യാദമൃതത്വസ്യ തു നാശാസ്തി വിത്തേ നേതി. 2, 4, 2.

ഭാഷ:— ആ മൈത്രേയി ചോദിച്ചു: "അല്ലയോ ഭഗവാനേ! ഈ പൃഥ്വി മുഴവൻ വിത്തംകൊണ്ടു് പൂർണ്ണമാവുകയാണെങ്കിൽ അതുകൊണ്ടു ഞാൻ അമൃതയായിത്തീരുമോ?" എന്നു്. യാജ്ഞവല്ക്യൻ 'ഇല്ല' എന്നു പറഞ്ഞു. സുഖസാധനങ്ങൾ ഉള്ളവരുടെ ജീവിതം എപ്രകാരമായിരിക്കുമോ അപ്രകാരംതന്നെയായിരിക്കും നിൻെറയും ജീവിതം. വിത്തസമൃദ്ധികൊണ്ടു് അമൃതത്വത്തിന്നുള്ള ആശ ലവലേശംപോലും വേണ്ട.

മൂലം:— 14. സാ ഹോവാച മൈത്രേയീ യേനാഹം നാമൃതാ സ്യാം കിമഹം തേന കുര്യാം യദേവ ഭഗവാൻ വേദ തദേവ മേ ബ്രൂഹീതി. 2, 4, 3.

ഭാഷ:—ആ മൈത്രേയി പറഞ്ഞു: "ഏതു(വിത്തം)കൊണ്ടു് ഞാൻ അമൃതയായിത്തീരുകയില്ലയോ, ആ വിത്തംകൊണ്ടു് ഞാനെന്തു ചെയ്യും? ഏതിനെയാണോ ഭവാൻ അറിയുന്നതു്, അതിനെത്തന്നെ എനിക്കു് പറഞ്ഞുതരിക".

മൂലം:—15. സ ഹോവാച യാജ്ഞവല്ക്യഃ പ്രിയാബതാരേ നഃ സതി പ്രിയം ഭാഷസ ഏഹ്യാസ്സ്വ വ്യാഖ്യാസ്യാമിതേ വ്യാചക്ഷാണസ്യ തു മേ നിദിധ്യാസസ്വേതി. 2, 4, 4.

ഭാഷ:—യാജ്ഞവല്ക്യൻ പറഞ്ഞു: "അല്ലയോ മൈത്രേയീ! നീ നമുക്കു് പ്രിയയാകുന്നു. ചിത്താനുകൂല്യമായിട്ടുള്ളതിനെ ഭാഷണം ചെയ്യുന്നു. വരൂ, ഇരിക്കൂ, നിനക്കു പറഞ്ഞുതരാം. ഞാൻ ഉപദേശിക്കുന്നതിനെ നീ നിദിദ്ധ്യാസനം ചെയ്തുകൊള്ളണം. എൻെറ വാക്കുകളുടെ അർത്ഥനിശ്ചയം വരുത്തി ധ്യാനിക്കുവാൻ ശ്രമിക്കണം".

മൂലം:—16. സ ഹോവാച ന വാ അരേ പത്യുഃ കാമായ പതിഃ പ്രിയോ ഭവത്യാത്മനസ്തു കാമായപതിഃ പ്രിയോ ഭവതി. ന വാ അരേ ജായായൈ കാമായ ജായാ പ്രിയാ ഭവത്യാത്മനസ്തു കാമായ ജായാ പ്രിയാ ഭവതി. ന വാ അരേ പുത്രാണാം കാമായ പുത്രാഃ പ്രിയാ ഭവന്ത്യാത്മനസ്തു കാമായ പുത്രാഃ പ്രിയാ ഭവന്തി. ന വാ അരേ വിത്തസ്യ കാമായ വിത്തം പ്രിയം ഭവത്യാത്മനസ്തു കാമായ വിത്തം പ്രിയം ഭവതി. ന വാ അരേ ബ്രഹ്മണഃ കാമായ ബ്രഹ്മഃ പ്രിയം ഭവത്യാത്മനസ്തു

കാമായ ബ്രഹ്മഃ പ്രിയം ഭവതി. ന വാ അരേ ക്ഷത്രസ്യ കാമായ ക്ഷത്രം പ്രിയം ഭവത്യാത്മനസ്തു കാമായ ക്ഷത്രം പ്രിയം ഭവതി. ന വാ അരേ ലോകാനാം കാമായ ലോകാഃ പ്രിയാ ഭവന്ത്യാത്മനസ്തു കാമായ ലോകാഃ പ്രിയാ ഭവന്തി. ന വാ അരേ ദേവാനാം കാമായ ദേവാഃ പ്രിയാ ഭവന്ത്യാത്മനസ്തു കാമായ ദേവാഃ പ്രിയാ ഭവന്തി. ന വാ അരേ ഭൂതാനാം കാമായ ഭൂതാനി പ്രിയാണി ഭവന്ത്യാത്മനസ്തു കാമായ ഭൂതാനി പ്രിയാണി ഭവന്തി. ന വാ അരേ സർവ്വസ്യ കാമായ സർവ്വം പ്രിയം ഭവത്യാത്മനസ്തു കാമായ സർവ്വം പ്രിയം ഭവതി. ആത്മാ വാ അരേ ദ്രഷ്ടവ്യഃ ശ്രോതവ്യോ മന്തവ്യോ നിദിദ്ധ്യാസിതവ്യോ മൈത്രേയ്യാത്മനോ വാ അരേ ദർശനേന ശ്രവണേന മത്യാ വിജ്ഞാനേനേദം സർവ്വം വിദിതം. 2, 4, 5.

ഭാഷ:—യാജ്ഞവല്ക്യൻ പറഞ്ഞു: അല്ലയോ മൈത്രേയീ! ഭർത്താവിൻെറ പ്രയോജനത്തിന്നായിട്ടല്ലല്ലോ ഭർത്താവു് പ്രിയനായിരിക്കുന്നതു്. പിന്നെയോ, തൻെറ ആത്മാവിൻെറ പ്രയോജനത്തിന്നായിട്ടാണു് ഭർത്താവു് പ്രിയനായിരിക്കുന്നതു്. അല്ലയോ, മൈത്രേയീ! ഭാര്യയുടെ പ്രിയത്തിന്നായിട്ടല്ലല്ലോ ഭാര്യ പ്രിയയായിരിക്കുന്നതു്. തൻെറ ആത്മാവിൻെറ പ്രയോജനത്തിന്നായിട്ടാണു് ഭാര്യ പ്രിയയായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! പുത്രന്മാരുടെ പ്രയോജനത്തിന്നായിട്ടല്ലല്ലോ പുത്രന്മാർ പ്രിയരായിരിക്കുന്നതു്. തൻെറ(ആത്മാവിൻെറ)പ്രയോജനത്തിന്നായിട്ടാണു് പുത്രന്മാർ പ്രിയരായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! വിത്തത്തിൻെറ പ്രയോജനത്തിന്നല്ലല്ലോ വിത്തം പ്രിയമായിരിക്കുന്നതു്? പിന്നെയോ ആത്മാവിൻെറ പ്രയോജനത്തിന്നായിട്ടാണു് വിത്തം പ്രിയമായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! ബ്രാഹ്മണജാതിയുടെ പ്രിയത്തിന്നായിട്ടല്ലല്ലോ ബ്രാഹ്മണജാതി പ്രിയമായിരിക്കുന്നതു്. പിന്നെയോ ആത്മാവിൻെറ പ്രയോജനത്തിന്നായിട്ടാണു് ബ്രാഹ്മണജാതി പ്രിയമായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! ക്ഷത്രിയജാതിയുടെ പ്രിയത്തിന്നായിട്ടല്ലല്ലോ ക്ഷത്രിയജാതി പ്രിയമായിരിക്കുന്നതു്. പിന്നെയോ ആത്മാവിവിൻെറ പ്രിയത്തിന്നായിട്ടാണു് ക്ഷത്രിയജാതി പ്രിയമായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! ലോകങ്ങളുടെ പ്രിയത്തിന്നല്ലല്ലോ ലോകങ്ങൾ പ്രിയങ്ങളായിരിക്കുന്നതു്. ആത്മാവിൻെറ പ്രയോജനത്തിന്നായിട്ടാണു് ലോകങ്ങൾ പ്രിയങ്ങളായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! ദേവന്മാരുടെ പ്രയോജനത്തിന്നായിട്ടല്ലല്ലോ ദേവന്മാർ പ്രിയന്മാരായിരിക്കുന്നതു്. ആത്മാവിൻെറ പ്രയോജനത്തിന്നായിട്ടാണ് ദേവന്മാർ പ്രിയരായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! ഭൂതങ്ങളുടെ പ്രിയത്തിന്നായിട്ടല്ലല്ലോ ഭൂതങ്ങൾ പ്രിയരായിരിക്കുന്നതു്. ആത്മാവിൻെറ പ്രയോജനത്തിന്നായിട്ടാണ് ഭൂതങ്ങൾ പ്രിയങ്ങളായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! സർവ്വത്തിൻെറയും പ്രയോജനത്തിന്നല്ലല്ലോ സർവ്വവും പ്രിയമായിരിക്കുന്നതു്. ആത്മാവിൻെറ പ്രിയത്തിന്നായിട്ടാണ് സർവ്വവും പ്രിയമായിരിക്കുന്നതു്.

അല്ലയോ മൈത്രേയീ! ആത്മാവു് ദർശിക്കപ്പെടേണ്ടതും, ശ്രവിക്കപ്പെടേണ്ടതും, മനനം ചെയ്യപ്പെടേണ്ടതും, നിദിധ്യാസനം ചെയ്യപ്പെടേണ്ടതും ആകുന്നു.

അല്ലയോ മൈത്രേയീ! ആത്മാവിൻെറ ദർശനംകൊണ്ടും, ശ്രവണംകൊണ്ടും, മനനംകൊണ്ടും, വിജ്ഞാനംകൊണ്ടും, ഇതെല്ലാം വിദിതമായിത്തീരുന്നു.

മൂലം:—17. സ യഥാ സൈന്ധവഖില്യ ഉദകേ പ്രാപ്ത ഉദകമേവാനുവിലീയേത ന ഹാസ്യോദ്ഗ്രഹണായൈവ സ്യാത്. യതോ യതസ്ത്വാദദീത ലവണമേവൈവം വാ അര ഇദം മഹദ്ഭൂതമനന്തമപാരം വിജ്ഞാനഘന ഏവ. ഏതേഭ്യോ ഭൂതേഭ്യഃ സമുത്ഥായ താന്യേവാനു വിനശ്യതി നപ്രേത്യ സംജ്ഞാസ്തീത്യരേ ബ്രവീമീതി ഹോവാച യാജ്ഞവല്ക്യഃ. 2, 4, 12.

ഭാഷ:—അതു് ഇപ്രകാരമാണ്. വെള്ളത്തിൽ ഇട്ട ഉപ്പുകട്ടി ഉദകത്തിൽത്തന്നെ ലയിക്കുന്നു. ഈ, ഉപ്പുകട്ടിയുടെ മുമ്പേയുള്ള സ്ഥിതിയിലെത്തിക്കുവാൻ (പഴയ രൂപം കൊടുക്കാൻ) ഒരുവനും ശക്തനാകയില്ലതന്നെ. എന്നാൽ എവിടെനിന്നു് എടുത്തു രുചിച്ചാലും അവിടെയെല്ലാം ഉപ്പു (രുചി) തന്നെയായിരിക്കും. ഇപ്രകാരംതന്നെ അല്ലയോ മൈത്രേയീ! ഈ മഹത്തായ ഭൂതം (അനന്തവും, അപാരവുമായ വിജ്ഞാനസ്ഥാനം) തന്നെ ഈ, ഭൂതങ്ങളിൽനിന്നു് സമുത്ഥാനം ചെയ്തിട്ടു്, അവയുടെ പിന്നാലെത്തന്നെ രൂപവിനാശത്തെ പ്രാപിക്കുന്നു. മരണത്തിനുശേഷം വിശേഷസംജ്ഞ ഇല്ല, എന്നു് അല്ലയോ മൈത്രേയീ ഞാൻ പറയുന്നു

കുറിപ്പ്:—വിശേഷജ്ഞാനമെന്നാൽ പഞ്ചേന്ദ്രിയങ്ങൾ വഴിക്ക ലഭിക്കുന്ന ജ്ഞാനം. മനുഷ്യൻ മരിക്കുമ്പോൾ സൂക്ഷ്മശരീരം അതായതു് അന്തഃകരണം നശിക്കുന്നില്ലെങ്കിലും, അതിന്നു് ഇന്ദ്രിയങ്ങൾ നശിച്ചിരിക്കുന്നതിനാൽ യാതൊരു വിഷയജ്ഞാനവും ഉണ്ടാവുന്നില്ല. അങ്ങനെയാണു് വിശേഷസംജ്ഞ ഇല്ലാതാവുന്നതു്.

മൂലം:—18. സാ ഹോവാച മൈത്രേയ്യത്രൈവ മാ ഭഗവാനമൂമുഹന്ന പ്രേത്യ സംജ്ഞാസ്തീതി സഹോവാച ന വാ അരേ/ഹം മോഹം ബ്രവീമ്യലം വാ അര ഇദം വിജ്ഞാനായ. 2, 4, 13.

ഭാഷ:—(അപ്പോൾ) മൈത്രേയി പറഞ്ഞു: 'മരണശേഷം വിജ്ഞാനഘനമായ ഇതിന്നു് ജ്ഞപ്തി ഇല്ല(അറിവില്ല) എന്നു് പറഞ്ഞു് ഭവാൻ എന്നെ മോഹിപ്പിച്ചിരിക്കുന്നു". യാജ്ഞവല്ക്യൻ പറഞ്ഞു: "അല്ലയോ മൈത്രേയീ! ഞാൻ മോഹജനകമായ വാക്യത്തെ പറയുന്നില്ല. ഇതു് (ഈ ആത്മാവു്) വിജ്ഞാനത്തിനു് ശക്തിയുള്ളതായി ത്തന്നെ തുടരുന്നു.

കുറിപ്പ്:—പാത്രത്തിൽ വെള്ളമിരിക്കുമ്പോൾ സൂര്യൻ അതിൽ പ്രതിബിംബിക്കുന്നു. വെള്ളമില്ലാതെ ആയാൽ പ്രതിബിംബവുമില്ലാതാകുന്നു. ഇതുകൊണ്ടു് സൂര്യനു് യാതൊരു കുറവും, ഹാനിയും വന്നിട്ടില്ല. അതു് ഇല്ലാതെയായിട്ടുമില്ല. അതേപോലെ ഇന്ദ്രിയങ്ങൾ ഇരിക്കുമ്പോൾ വിഷയജ്ഞാനമുണ്ടാവുന്നു. മരണത്താൽ അതു നശിക്കുമ്പോൾ ആത്മാവിന്നു്, സർവ്വശക്തിസ്ഥാനത്തിനു്, യാതൊരു ഹാനിയോ നാശമോ സംഭവിക്കുന്നില്ല.

മൂലം:—19. യത്ര ഹി ദ്വൈതമിവ ഭവതി തദിതര ഇതരം ജിഘ്രതി തദിതര ഇതരം പശ്യതി തദിതര ഇതരം ശൃണോതി തദിതര ഇതരമഭിവദതി തദിതര ഇതരം മനുതേ തദിതര ഇതരം വിജാനാതി യത്ര വാ അസ്യ സർവ്വമാത്മൈവാഭൂത്തത്കേന കം ജിഘ്രേത്തത് കേന കംപശ്യേത്തത്കേന കം ശൃണുയാത്തത്കേന കമഭിവദേത്തത്കേന കം മന്വീത തത്കേന കം വിജാനീയാത്. യേനേദം സർവ്വം വിജാനാതി തം കേന വിജാനീയാദ്വിജ്ഞാതാരമരേ കേന വിജാനീയാദിതി. 2, 4, 14.

ഭാഷ:—കാരണം എവിടെ ദ്വൈതംപോലെ കാണപ്പെടുന്നുവോ, ആ കാരണത്താൽ ഒന്നു മറെറാന്നിനെ ഘ്രാണിക്കുന്നു. ആ കാരണത്താൽ

ഒന്നു മറ്റൊന്നിനെ ശ്രവിക്കുന്നു. ആ കാരണത്താൽ ഒന്നു മറ്റൊന്നിനോട്ട് സംസാരിക്കുന്നു, മറ്റൊന്നിനെപ്പററി മനനം ചെയ്യുന്നു, മറ്റൊന്നിനെ അറിയുന്നു.

എപ്പോഴാണോ ഈ ആത്മാവിന്നു് (ബ്രഹ്മത്തിന്ന്) എല്ലാം ആത്മാവ് തന്നെയായിത്തീരുന്നതു്, അപ്പോഠം ഏതു കരണംകൊണ്ടു്, ഏതിനെ ഘ്രാണിക്കും, ഏതു വിഷയത്തെ സ്പർശിക്കും, ഏതു വിഷയത്തെ ശ്രവിക്കും, ഏതു വിഷയത്തോട്ട് സംസാരിക്കും, ഏതു വിഷയത്തെ മനനം ചെയ്യും, ഏതു വിഷയത്തെ അറിയും?

യാതൊന്നിൻെറ ശക്തിവൈഭവംകൊണ്ടു് ഈ സർവ്വത്തേയും അറിയുന്നുവോ, ആ സാക്ഷിയെ ഏതു കരണംകൊണ്ടു് അറിയാം? അല്ലയോ മൈത്രേയീ! വിജ്ഞാതാവിനെ ഏതു കരണംകൊണ്ടു് അറിയാം?

കുറിപ്പ്:—ഇവിടെ മരണാനന്തരാവസ്ഥയെയല്ല വിവരിച്ചിരിക്കുന്നതു്; അദ്വൈതാനുഭവാവസ്ഥയെയാണു്. പരമസമാധി നിലയെയാണു് വിവരിച്ചിരിക്കുന്നതു്. ആത്മാവു്, അതിസൂക്ഷ്മമായ, ജ്ഞാനചൈതന്യമായ, ആനന്ദമയമായ എന്നാൽ അനിർവ്വചനീയമായ വസ്തുവാണു്. സമുദ്രത്തിൽ സർവ്വം വ്യാപിച്ചിരിക്കുന്ന ഉപ്പു് ഘനീഭവിക്കുന്നതുപോലെ (കട്ടയാവുന്നതുപോലെ) ആത്മചൈതന്യം ഘനീഭവിച്ചതുപോലെ തോന്നുന്നതാണു്, പലേ നിലയിലുള്ള ബുദ്ധി, മനസ്സ്, ഇന്ദ്രിയം, പഞ്ചഭൂതങ്ങഠം എന്നിവ. എന്നാൽ ബുദ്ധി മുതലായവയെ അതിവർത്തിച്ച് ആത്മദർശനം ഉണ്ടാവുമ്പോഠം ഉപ്പുകട്ട സമുദ്രത്തിൽ ലയിച്ചതുപോലെ സർവ്വവും ഒന്നായിത്തീരുന്നു; വ്യത്യാസം അവസാനിക്കുന്നു. രണ്ടു വ്യത്യസ്തസത്തകഠം തമ്മിലുള്ള വ്യവഹാരം അവസാനിക്കുന്നു. സച്ചിദാനന്ദം മാത്രം അവശേഷിക്കുന്നു.

മൂലം:—20. സ വാ അയമാത്മാ സർവ്വേഷാം ഭൂതാനാമധിപതിഃ സർവ്വേഷാം ഭൂതാനാം രാജാ തദ്യഥാ രഥനാഭൗ ച രഥനേമൌ ചാരാഃ സർവ്വേ സമർപ്പിതാ ഏവമേവാസ്മിന്നാത്മനി സർവ്വാണി ഭൂതാനി സർവ്വേ ദേവാഃ സർവ്വേ ലോകാഃ സർവ്വേ പ്രാണാഃ സർവ്വ ഏത ആത്മാനഃ സമർപ്പിതാഃ. 2, 5, 15.

ഭാഷ:—അങ്ങനെയുള്ള ഈ ആത്മാവു് എല്ലാ ഭൂതങ്ങളുടെയും അധിപതിയും എല്ലാ ഭൂതങ്ങളുടെയും രാജാവും ആകുന്നു. അതു് എങ്ങനെ എന്നാൽ രഥചക്രത്തിൻെറ നാഭിയിലും (കുടത്തിലും) രഥചക്രത്തിൻെറ നേമിയിലും (വട്ടത്തിലും) ആരക്കാലുകളെല്ലാം സമർപ്പിക്കപ്പെട്ടിട്ടുണ്ടല്ലോ. ഇപ്രകാരംതന്നെ ഈ ആത്മാവിൽ എല്ലാ ഭൂതങ്ങളും, എല്ലാ ദേവന്മാരും, എല്ലാ ലോകങ്ങളും, എല്ലാ പ്രാണങ്ങളും, എല്ലാ ജീവാത്മാക്കളും സമർപ്പിക്കപ്പെട്ടിരിക്കുന്നു. (തുടരും)

---

# വൈരാഗ്യശതകം

## (ഭർത്തൃഹരി)

## (സ്വാമി പൂർണ്ണാനന്ദതീർത്ഥ)

ഭ്രാന്തം ദേശമനേകദുർഗ്ഗവിഷമം പ്രാപ്തം ന കിഞ്ചിത് ഫലം
ത്യക്ത്വാ ജാതികുലാഭിമാനമുചിതം സേവാ കൃതാ നിഷ്ഫലാ
ഭുക്തം മാനവിവർജ്ജിതം പരഗൃഹേഷ്വാശങ്കയാ കാകവത്
തൃഷ്ണേ ജൃംഭസി പാപകർമ്മനിരതേ നാദ്യാപി സംതുഷ്യസി. 1

"യാത്രചെയ്യുവാൻ ഏററവും ബുദ്ധിമുട്ടായ അനേകദേശങ്ങളിൽ ചുററിത്തിരിഞ്ഞു, പക്ഷെ സാരമായ യാതൊരു ഫലവും എനിക്കു കിട്ടിയില്ല; ഉചിതങ്ങളായ ജാതികുലാഭിമാനങ്ങളെ കൈവെടിഞ്ഞു് അന്യനെ സേവ ചെയ്തു, എന്നിട്ടും യാതൊരു ഫലവും ഉണ്ടായില്ല; മാനം കൈവെടിഞ്ഞു് അന്യൻെറ ഗൃഹങ്ങളിൽപോയി കാക്കയെപ്പോലെ ഭയവിഹ്വലതയോടെ ഊണു കഴിച്ചു, എന്നിട്ടും പാപകർമ്മിയായ ദുരാശേ! നീ വളർന്നു വരുകയാണു്, നീ ഇനിയും അതൃപ്തയാണു്.

ദുരാശ വന്നു പിടിപെട്ടാൽ മനുഷ്യൻ എന്തും ചെയ്തുപോകും. എത്രയും ഉന്നതനിലയിൽ സ്ഥിതിചെയ്യുന്ന മനുഷ്യൻപോലും തൃഷ്ണയ്ക്കു് വശംവദനായാൽ അത്യന്തം നീചനായിത്തീർന്നേക്കും.

"അപി മേരൂപമം പ്രാജ്ഞം അപി ശൂരമപി സ്ഥിരം
തൃണീകരോതി തൃഷ്ണൈഷാ നിമിഷേണ നരോത്തമം".

(യോഗവാസിഷ്ഠം)

മഹാമേരുവിനെപ്പോലുള്ള ഉന്നത പ്രാജ്ഞനേയും, എത്രയും ശൂരതയോടും സ്ഥിരതയോടും കൂടിയ ഉത്തമപുരുഷനേയും ഈ പാപിഷ്ഠയായ തൃഷ്ണ ഒരു നിമിഷംകൊണ്ടു പുല്ലിനു സമനാക്കിത്തീർക്കുന്നു.

തൃഷ്ണയെ ജയിക്കുന്നതാണു് ജീവന്മുക്തിസാധനയിൽ പ്രധാനമായ ഒരു ഘടകം. തൃഷ്ണ കുറയുന്നിടത്തോളം മനസ്സിലെ രാഗദ്വേഷങ്ങളും വാസനകളും അററു് അതു് ഏററവും ലഘുവായിത്തീരുന്നു. സ്ഥൂലത പോയി ലഘുവായ മനസ്സിനു് ആത്മാവിൽ ലീനമാകുവാൻ എത്രയും എളുപ്പമായിരിക്കും. നേരെ മറിച്ചു് തൃഷ്ണ കൂടുംതോറും അതു് അഗ്നിയെപ്പോലെ ഹൃദയത്തെ വേവിച്ചുകൊണ്ടിരിക്കും.

ആധിവ്യാധിശതൈർജ്ജനസ്യ വിവിധൈ-
രാരോഗ്യമുന്മൂല്യതേ
ലക്ഷ്മീർയത്ര പതന്തി തത്ര വിവൃത-
ദ്വാരാ ഇവ ഹ്യാപദഃ
ജാതാജാതമജാതമാശു വിവശം
മൃത്യുഃ കരോത്യാത്മസാത്
തത് കിം തേന നിരങ്കുശേന വിധിനാ
യന്നിർമ്മിതം സുസ്ഥിരം. 2

വിവിധങ്ങളായ ആധികളും വ്യാധികളും നൂറുകണക്കിനു വന്നുപെട്ട് മനുഷ്യന്റെ ആരോഗ്യം ഉന്മൂലനാശം ചെയ്യപ്പെടുന്നു. എവിടെയാണോ സമ്പത്ത് വന്നു ചേരുന്നത്, അവിടെ തുറന്നിരിക്കുന്ന വാതിലുകളോടുകൂടിയ സ്ഥലത്തെന്നപോലെ ആപത്തുകളും വന്നുചേരുന്നു. അത്യന്തം വിവശനായിരിക്കുന്ന ജീവിയെ ജനിക്കാത്തവനെക്കണക്കെ കാലൻ തന്റേതാക്കിത്തീർക്കുന്നു. ആയതിനാൽ നിരങ്കുശനായ വിധിയാൽ സുസ്ഥിരമായ ഏതൊന്നാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

ഭോഗാസ്തുംഗതരംഗഭംഗുരതരാഃ
പ്രാണാഃ ക്ഷണധ്വംസിനഃ
സ്തോകാന്യേവദിനാനിയൌവന
സുഖസ്ഫൂർത്തിഃ പ്രിയാസ്വസ്ഥിരാ
തത്സംസാരമസാരമേവ നിഖിലം
ബുദ്ധ്വാ ബുധാശ്ചേതസാ
ലോകാനുഗ്രഹപേശലേന മനസാ
യത്നസ്സമാധീയതാം. 3

"വിഷയസുഖഭോഗങ്ങൾ വലിയ തിരമാലകൾപോലെ ക്ഷണഭംഗുരങ്ങളായും, ജീവൻ ക്ഷണനേരത്തിൽ ശരീരത്തെ വിട്ടുപിരിയുന്നതായും ഇരിക്കുന്നു. യൌവ്വനസുഖത്തിന്റെ സ്ഫുരണം സ്വല്പദിവസങ്ങൾ മാത്രമേ നിലനില്ക്കുന്നുള്ളു. പ്രിയമായ ഏതൊന്നുംതന്നെ സ്ഥിരത ഒട്ടും ഇല്ലാത്തതാകുന്നു. ആയതിനാൽ വിവേകികളായവർ സംസാരജീവിതം നിസ്സാരമാണെന്നു നല്ലപോലെ ആലോചിച്ചറിഞ്ഞു, അനുഗ്രഹബുദ്ധിയോടുകൂടി, ലോകനന്മയ്ക്കായി പ്രവർത്തിക്കുവാൻ യത്നം ചെയ്യേണ്ടതാണ്.

ലോകജീവിതം ക്ലേശകരമായതിനാലും, നശ്വരമായതിനാലും മിക്ക ജനങ്ങളും ഇതു് ''മായ'' എന്ന വിചാരത്തോടെ ജീവിതത്തെ വെറുത്തു് അതിൽനിന്നു് പിൻതിരിയുകയാണു് ചെയ്യുന്നതു്. എന്നാൽ വാസ്തവത്തിൽ അവർ ഉത്തമ കർമ്മയോഗികളായി ലോകത്തെ വെറുക്കാതെ, മനസ്സിനെ വിഷയസുഖലോലുപതയിൽനിന്നു കരകേററി, തൃഷ്ണയെ മനസ്സിൽനിന്നു അറുത്തെറിഞ്ഞു്, ലോകനന്മയ്ക്കായി പ്രവർത്തിക്കുകയാണു് വേണ്ടതു്. ലോകത്തോടു വിമുഖതയും വെറുപ്പും വരുന്നതു് (വൈരാഗ്യം ഉത്തമമാണു്, അതു വെറുപ്പല്ല) തനിക്കും ലോകത്തിന്നും ഹാനികരമാണു്. ഈ തത്വംതന്നെയാണു് ശങ്കരഭഗവദ്പാദരാൽ അപരോക്ഷാനുഭൂതിയിൽ പറയപ്പെട്ടിട്ടുള്ളതു്.

പ്രാരബ്ധം അഖിലം ഭുഞ്ജൻ നോദ്വേഗം കർത്തുമർഹസി.

പ്രാരബ്ധത്തിൽ കിടന്നുഴലുമ്പോളും ഒരു സാധകന്നു് ഒട്ടും ഉദ്വേഗം (ആന്തരികവ്യഥ) ഉണ്ടാകരുതു്. ലോകവും ലോകജീവിതവും, ബ്രഹ്മസ്ഫുരണമല്ലേ?

ഭോഗാ ഭംഗുരവൃത്തയോ ബഹുവിധാ-
സ്തൈരേവചായം ഭവ-
സ്തത്കസ്യേഹ കൃതേ പരിഭ്രമഥ
രേ ലോകാഃ കൃതം ചേഷ്ടിതൈഃ
ആശാപാശശതോപശാന്തിവിശദം
ചേതസ്സമാധീയതാം
കാമോത്പത്തിവശാത് സ്വധാമനി
യദി ശ്രദ്ധേയമസ്മദ്വചഃ. 4

അനവധി പ്രകാരങ്ങളിലുള്ളവയും അസ്ഥിരങ്ങളും ആയ ഭോഗാനുഭവങ്ങളാൽ വിരചിതമായതാണു് ഈ പ്രപഞ്ചജീവിതം. ആയതിനാൽ അല്ലയോ മനുഷ്യരെ! എന്തിനായിട്ടാണു് നിങ്ങൾ ഈ വിധം ഭ്രമിച്ചു് വിഷമിക്കുന്നതു്? നിങ്ങളുടെ എല്ലാ പരിഭ്രമങ്ങളെയും മതിയാക്കി, ഞങ്ങളുടെ വാക്കിനെ വിശ്വസിച്ചു്, മനസ്സിനെ ആശാപാശത്തിൽനിന്നും കാമവികാരത്തിൽനിന്നും വിരമിപ്പിച്ചു്, ആത്മധ്യാനത്തിൽ സുദൃഢമായി ഉറപ്പിക്കേണ്ടതാണു്.

ആത്മജ്ഞാനംകൊണ്ടേ പരമശാന്തിയും, അത്യന്തം നിർവൃതിയും കൈവരൂ. അല്ലാതെ വിഷയഭോഗമായ ഇരുമ്പുവലയിൽപ്പെട്ടു് ആഞ്ഞു വലിഞ്ഞു ക്ലേശിക്കുന്നവർക്കു് ശാന്തിയുടെ ലവലേശംപോലും സിദ്ധിക്കുന്നതല്ല.

# അമരവാണി

1 സർവ്വസംഗപരിത്യാഗികളും ശമധനന്മാരും, തത്വഗ്രാഹികളും, വിരാഗികളുമായ മഹാത്മാക്കളുടെ മാർഗ്ഗം അറിഞ്ഞു് അവരേ പിൻതുടരുക എന്നുള്ളതു് ആകാശഗമനം ചെയ്യുന്ന പക്ഷി പോയ മാർഗ്ഗം ലക്ഷ്യംകൊണ്ടു് കണ്ടുപിടിക്കുന്നതിനേക്കാൾ എത്രയോ വിഷമമാണു്.

* * * *

2 മദിച്ച കുതിരകളെ സമർത്ഥനായ ഒരു സാരഥി എങ്ങിനെ നിയന്ത്രിക്കുമോ, അതുപോലെ, തൻെറ മനസ്സിനെ അഹങ്കാരത്തിലൂടെയും കുവൃത്തികളിലൂടെയും ചരിക്കാൻ അനുവദിക്കാതെ സ്വയം നിയന്ത്രിച്ചുനിർത്തുന്നവൻ ദേവന്മാർക്കുപോലും അസൂയാർഹനാണു്.

* * * *

3 നിഷ്പ്രയോജനങ്ങളായി ആയിരക്കണക്കിനു് വാക്കുകൾവച്ചുള്ള പ്രസംഗങ്ങളേക്കാൾ എത്രയോ ശ്രേഷ്ഠമാണു്, ശാന്തിപ്രദമായ ഒരേ ഒരു ചെറിയ വാക്കുപോലും!

* * * *

4 മനുഷ്യൻ നന്മയിലേക്കു് കുതിച്ചു കയറണം. പാപചിന്തകളെ ഹൃദയത്തിൽനിന്നും നിശ്ശേഷം നിർമ്മാജ്ജനം ചെയ്യണം. നന്മയിലേക്കു് ഉയരാൻ ശ്രമിക്കാതെ പാപചിന്തകളിൽ ഏർപ്പെടുന്നവൻ ക്രമേണ ദുഷ്കൃത്യങ്ങളിൽ ആഹ്ലാദിച്ചു തുടങ്ങും.

* * * *

5 ദുർവ്വാസനകളെ, അവ തന്നെ ബാധിക്കയില്ലെന്നു് കരുതി നിസ്സാരമായി തള്ളിക്കളയരുതു്. തുള്ളിതുള്ളിയായിമാത്രം വെള്ളം വീണുകൊണ്ടിരുന്നാൽ ക്രമേണ വലിയ ജലപാത്രങ്ങൾപോലും നിറഞ്ഞുപോകും.

* * * *

6 സഹായികളാരുമില്ലാതെ യാത്ര ചെയ്യുന്ന ധനികനായ ഒരു കച്ചവടക്കാരൻ, അപകടമുള്ള വഴികളിൽനിന്നു് ഒഴിഞ്ഞു പോകുന്നതുപോലെയും, ആയുർദൈർഘ്യത്തിൽ ആകാംക്ഷയുള്ളവൻ വിഷവർഗ്ഗങ്ങളേ വെറുക്കുന്നതുപോലെയും, സജ്ജനം ദുഷ്പ്രവണതകളിൽനിന്നു് ഒഴിഞ്ഞു മാറേണ്ടതാണു്.

# വിവേകചൂഡാമണി-ഭാഷ—6

പരിഭാഷകൻ

**(സ്വാമി ദയാനന്ദതീർത്ഥ)**

പ്രാജ്ഞൻ പണ്ഡിതനെന്നു വേണ്ട ചതുരൻ സൂക്ഷ്മാത്മദൃക്കാകിലും
വിജ്ഞാനംതരികില്ല നല്ല പഠനംപോലും തമോബാധയാൽ
അജ്ഞാനാഞ്ജിതബോധമൊക്കെയറിവായ് കാണുന്നു ബദ്ധൻ ഗ്ഗുണാൽ
അജ്ഞാതം തമസിന്റെ "ആവൃതി" മഹാശക്തിക്കു നേരെന്തുതാൻ. 116

അഭാവനത്വം വിപരീതഭാവനം
സംഭാവനം സംശയരൂപയുക്തമായ്
വിഭാവനാലാവരണം ഭരിച്ചിടും
വിക്ഷേപമേററം പുതുതാം വിപത്തുകൾ. 117

അജ്ഞാന,മേററംമടി, നിദ്ര,മൗഢ്യം
പ്രമാദ,ജാഢ്യങ്ങൾ തമോസ്വഭാവം
തേറില്ലബോധം തമസേറവോന്
തൂൺപോലെ, നിദ്രാഗതനെന്നപോലെ. 118

'സത്വം' ജലംപോലെ വിശുദ്ധമെന്നാൽ
രജഃ തമം ചേർന്നു പ്രവൃത്തമാകും
ആത്മാവിതിങ്കൽ പ്രതിബിംബമാർന്നീ
വിശ്വത്തെയെല്ലാം വെളിവാക്കിടുന്നു. 119

'കലർന്നസത്വ'ത്തിനൊഴുന്ന ധർമ്മം
അദാംഭികത്വം, നിയമം യമങ്ങൾ
മോക്ഷേച്ഛയും, ഭക്തിയു,മുററശ്രദ്ധ
സത്തിൽപ്രിയം, ദൈവികഭാവമേററം. 120

'വിശുദ്ധസത്വ'ത്തിലതിപ്രസാദം
പ്രശാന്തി, ആത്മാനുഭവം, പ്രഹർഷം
നിരന്തരാനന്ദരസത്തിനുറവാം
പരാത്മനിഷ്ഠാഗുണവും ഭവിക്കും. 121

അവ്യക്തമാകും ത്രിഗുണങ്ങൾചേർന്ന
താത്മാവുതൻ 'കാരണ'ദേഹമത്രേ
ഇതിന്റെ പ്രത്യേകതയാണുറക്കം
ലയിപ്പു ബുദ്ധീന്ദ്രിയമായതിങ്കൽ. 122

പ്രശാന്തമാകുന്നറിവാന്തെല്ലാം
പ്രലീന ബീജസ്ഥിതിയാഴ്വുബുദ്ധി
''അറിഞ്ഞതില്ലപ്പൊഴുതൊന്നു''മെന്ന
പ്രതീതി നിദ്രക്ക് പ്രസിദ്ധമല്ലോ. 123

ഞാൻ, ഇന്ദ്രിയം, ദേഹ, മനസ്സു, പ്രാണൻ
സർവ്വം വികാരം, വിഷയം, സുഖങ്ങൾ,
വ്യോമാദിയാം ഭൂതഗണങ്ങൾ, വിശ്വം,
അവ്യക്തവും, സർവ്വ'മനാത്മ'മാകും. 124

മായ, മഹത്തിവയെല്ലാം
മായാകാര്യം ശരീരപര്യന്തം
സത്തല്ലാത്മാവുമല്ലോർത്താൽ
കാനൽ ജലമാണറിഞ്ഞിടേണം നീ. 125

ഇനി ഞാൻ പരമാത്മാവിൻ സ്വരൂപം ചൊല്ലിടാമെടോ
അതറിഞ്ഞ നരൻ ബന്ധം വിട്ടുകൈവല്യമാർന്നിടും. 126

''അഹ''ത്തിന്നാധാരമായിട്ടവസ്ഥാത്രയസാക്ഷിയായ്
പഞ്ചകോശങ്ങളല്ലാതെയുണ്ടാത്മാ നിത്യനവ്യയൻ. 127

അറിയുന്നോനവൻ സർവ്വജാഗ്രത്സ്വപ്നസുഷുപ്തിയേ
ബുദ്ധി, വൃത്തികൾ, ഞാനെന്നഭാവം, ഇല്ലാത്തതുള്ളതും. 128

യാതൊന്നു സർവ്വം കാണുന്നു, കാണില്ലതിനെയൊന്നുമേ
ബുദ്ധി ചേഷ്ടിപ്പതേതൊന്നാലതാത്മാവതചേഷ്ടിതം. 129

യാതൊന്നാൽ വ്യാപ്യമീവിശ്വം ഏതിലവ്യാപ്യമേതുമേ
ആഭാസസ്വരൂപനീയാത്മാ ചേർന്നീവിശ്വം സ്ഫുരിപ്പതേ. 130

അതിന്റെ ഭാവമാത്രത്താൽ ദേഹേന്ദ്രിയമനസ്സുകൾ
അതതിൻ കൃത്യമേപ്പെട്ടുവർത്തിപ്പൂ ഭൃത്യരെന്നപോൽ. 131

അഹങ്കാരം തൊട്ടു ദേഹം വിഷയങ്ങൾ സുഖാദിയും
അറിവൂ ഘടവത്‌വിദ്വാനാത്മബോധസ്വരൂപിയിൽ. 132

ആർക്കിച്ഛയാൽ പ്രാണനുമിന്ദ്രിയങ്ങൾ
ചരിച്ചിടുന്നാപ്പരമൻ പുരാണൻ
സദാപിസച്ചിത് സുഖരൂപനേകൻ
ആത്മാവനന്തൻ പ്രതിബോധമാത്രൻ. 133

സ്വാത്മദേഹത്തിൽ മനോഗുഹായാം
അവ്യാകൃതാശമതിങ്കൽ മിന്നും
ആത്മാ സ്വതേജപ്രസരാൽ ജഗത്തെ-
പ്പൂരിച്ചിടുന്നൂ രവി വാനിലപ്പോൽ 134

മനസ്സഹംകാരവികാരവായ്പും
ദേഹേന്ദ്രിയപ്രാണകൃതങ്ങൾ മുററും
അറിഞ്ഞു തീയ്യുള്ളിലിരുമ്പുപോലെ
ചലിപ്പുമില്ലാം വികരിപ്പുമില്ലാ. 135

നിത്യൻ, ജനിപ്പില്ല, മരിപ്പുമില്ലാ
വർദ്ധിപ്പു്, ശോഷിപ്പു, വികാരമില്ലാ
വപുസ്സിതന്തം പെടുമപ്പൊഴും താൻ
ലയിച്ചിടാ കുംഭഗതാംബരംപോൽ. 136

(തുടരും)

# പരമപുരുഷാർത്ഥം

## (ശാന്താദേവി)

ഉത്തമമായ നരജന്മം ലഭിച്ചിട്ടും ഈ ജന്മത്തിൽതന്നെ ജന്മസാഫല്യം (ആത്മാനുഭൂതി) സിദ്ധിച്ചിട്ടില്ല എങ്കിൽ അതു മഹത്തായ ഒരു നഷ്ടമാണ്. അനേകം യോനികളിൽ ജനിച്ചതിന്നുശേഷമാണ് മനുഷ്യജന്മം സിദ്ധിക്കുന്നതുതന്നെ. ബുദ്ധിയും വിവേകവും നിറഞ്ഞ ഈ മനുഷ്യജന്മത്തിൽക്കൂടിമാത്രമേ പരമാത്മപ്രാപ്തി സാദ്ധ്യമാകൂ.

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളിലൂടെയാണല്ലോ നമ്മാം ജീവിതം തള്ളിനീക്കിക്കൊണ്ടിരിക്കുന്നതു്. ഈ മൂന്നു് അവസ്ഥകൾക്കും സാക്ഷിയായ പരമാത്മചൈതന്യത്തെയാണ് അറിയേണ്ടതും സാക്ഷാത്കരിക്കേണ്ടതും. ഈ മൂന്നു് അവസ്ഥകളിലും മാറിമാറി ചരിച്ചുകൊണ്ടിരിക്കുന്ന നമ്മാം ഏതുവിധമാണ് ജീവിതലക്ഷ്യം നേടിയെടുക്കേണ്ടതു്? ഈ മൂന്നു് അവസ്ഥകളേയും സാധനാരൂപമാക്കി മാററുകയാണു് സാധകർ ചെയ്യേണ്ടതു്. എല്ലായ്പ്പോഴും എല്ലാം ഈശ്വരമയമായി കാണണം. ആത്മാവു് ഒന്നുമാത്രമെ ഉള്ളു. എല്ലാം അതിന്റെ പ്രതിഭാസംമാത്രമാണ്. ഇതിൽ ഞാനെന്നും എന്റേതെന്നുമുള്ള അഭിമാനം മിത്ഥ്യയാണെന്ന ബോധം സദാ അടി ഉറയ്ക്കണം. ഇതാണ് ശരിയായ സാധന. ഏതു വർണ്ണത്തിലോ ജാതിയിലോ ആശ്രമത്തിലോ പെട്ടവരായിക്കൊള്ളട്ടെ, ഏതു പരിതസ്ഥിതിയിലും ഏതു് അവസ്ഥയിലും ഈ ബോധം മനസ്സിൽ ഉറപ്പിച്ചു് ഉത്സാഹത്തോടുകൂടി ശാന്തമായും സന്തോഷത്തോടുകൂടിയും വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതായാൽ ജാഗ്രദവസ്ഥ സാധനാരൂപമായി. സദാ വ്യവഹാരദശയെ നാടകവേദിയായി കണക്കാക്കുക. ഒരു നാടകത്തിൽ ഒരു അച്ഛനും മകനും പങ്കെടുത്തു എന്നിരിക്കട്ടെ. മകൻ രാജാവും അച്ഛൻ ഒരു പോലീസുകാരനുമാണ്. ഒരു അവസരത്തിൽ രാജ്യത്തിലെ ഒരു വ്യക്തി ഈ പോലീസുകാരന്റെ പേരിൽ ഒരു ആവലാതിയുംകൊണ്ടു രാജാവിനെ സമീപിച്ചു. കാര്യങ്ങൾ അന്വേഷിച്ചതിൽ പൊല്ലീസുകാരൻ കുററക്കാരനാണെന്നു രാജാവിനു ബോദ്ധ്യമായി. ഉടൻതന്നെ പോലീസുകാരനെ ശിക്ഷിക്കയും ചെയ്തു. പോലീസുകാരൻ തന്റെ ഉദ്യോഗത്തിനു ഹാനി വരുമെന്നു ഭയന്നു രാജാവിനോടു ക്ഷമായാചനംചെയ്തു. രാജാവു മാപ്പു നല്കി. നാടകം ഭംഗിയായി അവസാനിച്ചു. മകനായ രാജാവിന്നു താൻ അച്ഛനേയാണ് ശിക്ഷിക്കുന്നതെന്നു് അറിവുണ്ടെങ്കിലും 'ഇതു വെറും മിത്ഥ്യയാണ്.

നാടകവേദിയിൽമാത്രം രാജാവായ എന്റെ തൽക്കാലധർമ്മം അതാണ്" എന്ന ബോദ്ധ്യം അയാളെ വിട്ടുപോകുന്നതല്ല. അഭിനയിക്കുന്ന വേഷത്തിനൊത്ത അവനവന്റെ തൽക്കാലധർമ്മത്തെ അനുഷ്ഠിക്കുക; പക്ഷേ താൻ ആരാണെന്നു മറന്നുപോകരുത്. ഈവിധം വ്യവഹാരദശയിൽ ശീലിച്ചുവന്നാൽ ക്രമേണ വാസനകൾ ക്ഷയിക്കയാൽ സ്വപ്നങ്ങൾ ഉണ്ടാവുകയില്ല. ഉണ്ടാവുകയാണെങ്കിൽതന്നെ നല്ല സ്വപ്നങ്ങൾമാത്രമേ ഉണ്ടാവുകയുള്ളു. സുഷുപ്തിയിലും സാധനയിൽതന്നെ മനസ്സു ലീനമാവും. ജീവിതം സുഖകരമാവും. ജീവിതം എന്താകുമോ, നാളെ കഷ്ടപ്പെടുമോ, നാളയ്ക്കു വല്ലതും സൂക്ഷിക്കണമോ എന്നുള്ള ഭീതിയാണ് നമ്മളെ വട്ടംതിരിക്കുന്നത്. ആരും മൃത്യുഞ്ജയന്മാരൊന്നുമല്ല. മരിക്കുമ്പോൾ ഒന്നും കൂടെ വരുന്നതല്ല. ഒരു പശുപാലൻ പകലെല്ലാം ഗോക്കളെ മേച്ചു നടന്നതിനുശേഷം വൈകുന്നേരം അവയെയെല്ലാം തൊഴുത്തിലാക്കി കെട്ടികഴിഞ്ഞ് അവനും അവന്റെ വടിയുമായി വീട്ടിലേയ്ക്കു തിരിച്ചു പോകുന്നതുപോലയേ ജീവിതത്തേയും കണക്കാക്കാനുള്ളു. പണക്കാരൻ പണംകൊണ്ടു ഗോപുരമുണ്ടാക്കി കള്ളന്മാരിൽനിന്നും ശത്രുക്കളിൽനിന്നുമുള്ള ഭയത്താൽ പേടിച്ചു വിറച്ച് ഉറങ്ങാതെ രാപ്പകൽ തള്ളിനീക്കുന്നു. ക്രമേണ മൃത്യു അവനെയും പിടികൂടുന്നു. ലോകത്തിൽ നാം സമ്പാദിക്കുന്ന ഒന്നുകൊണ്ടും മൃത്യു ഒഴിഞ്ഞുപോകുന്നില്ല. മൃത്യുഞ്ജയന്മാരാകണമെങ്കിൽ ആത്മജ്ഞാനത്തിലൂടെ അമരത്വം സമ്പാദിക്കണം.

ഒരു കഴുകൻ ഒരു മാംസക്കഷണവുമായി പറക്കുന്നുണ്ടായിരുന്നു. കുറെ കഴിഞ്ഞപ്പോൾ അതിനു പുറകെ മാംസക്കഷണത്തിൽ കൊതിപൂണ്ട അനേകം കഴുകന്മാർ പറന്നുതുടങ്ങി. അവരുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടാൻ ഏകനായ ആ കഴുകൻ അതിവേഗത്തിൽ പറന്നുതുടങ്ങി. കുറെക്കഴിഞ്ഞപ്പോൾ അതു വല്ലാതെ ക്ഷീണിച്ചു. ബാക്കിയുള്ളവർ വിടുന്ന പാടല്ല. ഇതികർത്തവ്യതാമൂഢനായി ഒടുവിൽ കൊക്കിലെ മാംസക്കഷണം താഴോട്ടേയ്ക്ക് ഇട്ടിട്ട് ഒരു വൃക്ഷത്തിലെ കൊമ്പിൽ രക്ഷ പ്രാപിച്ചു. മററു കഴുകന്മാർ മാംസക്കഷണം താഴേയിട്ട കഴുകനെ വിട്ടിട്ടു മാംസക്കഷണത്തിന്റെ പിന്നാലെ പറന്നു പോയി. ഇതുതന്നെയാണ് മനുഷ്യന്റെ കഥയും. എല്ലാവരും വിഷയാസക്തിയാകുന്ന മാംസക്കഷണത്തിനെ വിട്ടെറിഞ്ഞു ലൌകികവ്യവഹാരമാകുന്ന കഴുകന്മാരിൽനിന്നും രക്ഷ പ്രാപിച്ചു പരമാത്മപദത്തിൽ അഭയം തേടി നിത്യതൃപ്തിയിലും പരമശാന്തിയിലും നിർലീനരാകുക!

---

# ലഘുവാസുദേവമനനം—16

## (സ്വാമി പുരുഷോത്തമതീൎത്ഥ)

ഇതേവരെ പ്രതിപാദിക്കപ്പെട്ട ഭാഗങ്ങളിൽനിന്നും ഒരു സംഗതി വ്യക്തമായി; ദേഹാദിപഞ്ചകോശങ്ങളിൽ "ഞാൻ" "എൻെറ" എന്ന ഭാവം ഉണ്ടാവുന്നതാണ് ബന്ധഹേതുവെന്നു്. ബുദ്ധിയേപ്പോലും പ്രകാശിപ്പിച്ചുകൊണ്ടു് സദ്ചിദാനന്ദസ്വരൂപമായ ബ്രഹ്മസ്വരൂപമേതോ, അതാണ് "ഞാൻ" എന്ന തത്വവും വ്യക്തമാക്കപ്പെട്ടു. എല്ലാ സംശയങ്ങളും തീൎന്നു—ഒന്നൊഴികെ. അതെന്തെന്നാൽ, ആത്മാവ് സദ്രൂപമാണെന്നും ചിദ്രൂപമാണെന്നും ആനന്ദസ്വരൂപമാണെന്നും പറയപ്പെട്ടുവല്ലോ. ഈവിധം മൂന്നുവിധ രൂപങ്ങളെ പ്രതിപാദിക്കുന്ന മൂന്നു പദങ്ങളും ഭിന്നങ്ങളാണ്; അവയാൽ കുറിക്കപ്പെടുന്ന അൎത്ഥങ്ങളും ഭിന്നങ്ങളാണെന്നു പ്രഥമദൃഷ്ട്യാ തോന്നിപ്പോകുന്നു. ആകയാൽ ബ്രഹ്മത്തെ കുറിക്കുന്ന ഈ സച്ചിദാനന്ദപദത്രയങ്ങൾ വാസ്തവത്തിൽ അഖണ്ഡാൎത്ഥത്വത്തെയാണ് കുറിക്കുന്നതെന്നു എങ്ങിനെ സമൎത്ഥിക്കാം? ഇതാണ് സംശയം.

ഈ സംശയനിവാരണത്തിന്നു്, അഖണ്ഡാൎത്ഥമെന്തെന്നു് ആദ്യം ചിന്തിക്കേണ്ടിയിരിക്കുന്നു. ദേശപരിച്ഛേദം, കാലപരിച്ഛേദം, വസ്തുപരിച്ഛേദം എന്നീ മൂന്നുവിധ പരിച്ഛേദങ്ങൾക്ക് വിധേയമാവാതെ, അപരിച്ഛിന്നമായ അൎത്ഥമേതോ അതുതന്നെ അഖണ്ഡം. അഖണ്ഡമായ വസ്തുവിന്നു് ഈ ലക്ഷണങ്ങൾ എന്തിന്നു് എന്നാണെങ്കിൽ പറയാം. ആകാശം സൎവ്വവ്യാപിയാണ്. വ്യാപകത്വംകൊണ്ടു് അഖണ്ഡത്വം ആകാശത്തിന്നുമുള്ളതുകൊണ്ടു്, അതിനേയും അഖണ്ഡാൎത്ഥമെന്നു പറയാമോ? ഇല്ല. എന്തുകൊണ്ടെന്നാൽ ദേശമാകുന്ന ഉപാധിയാൽ പരിമിതമല്ല ആകാശമെന്നിരിക്കിലും, അതു കാലമാകുന്ന ഉപാധിയാൽ പരിമിതമാണ്. കാലത്തിൻെറ പരിഗണനയിൽ മാത്രമേ ആകാശത്തിന്നു് സ്ഥിതിയുള്ളു. ആകയാൽ ആകാശം കാലത്താൽ പരിമിതമാണ്. ദേശം കാലം എന്നീ രണ്ടുപാധികളിൽ കാലത്തിന്നാണ് അതിവ്യാപ്തി. കാലം ഒരിക്കലും ദേശത്താൽ പരിച്ഛേദിക്കപ്പെടുന്നില്ല; കാലം കാലത്താലും പരിച്ഛേദിക്കപ്പെടുന്നില്ല. പക്ഷെ,

കാലം വസ്തുവിനാൽ പരിച്ഛേദിക്കപ്പെടുന്നു. കാലത്തിൽനിന്നും വിഭിന്നമായി വസ്തുവിന്നു് സദ്ഭാവമുള്ളതുകൊണ്ടു് കാലം പരിമിതമായിത്തീരുന്നു. ആത്മാവു് ഒന്നിനു മാത്രമേ ദേശം, കാലം, വസ്തു എന്നിവയാൽ അപരിച്ഛിന്നമായ സദ്ഭാവമുള്ളു. അതിനാലാണു് മേൽ പറഞ്ഞ മൂന്നു ലക്ഷണങ്ങളെക്കൊണ്ടു് ആത്മാവിനെ സൂചിപ്പിച്ചതു്.

ഇവിടെ ഒരു പൂർവ്വപക്ഷം ഉന്നയിക്കപ്പെടുകയാണു്. മുൻപറഞ്ഞ അഖണ്ഡാത്മലക്ഷണം ആത്മാവിൽ ഉണ്ടെന്നു കാണിക്കപ്പെട്ടില്ലല്ലോ? ആത്മാവു് ദേശം കാലം വസ്തു എന്നിവയാൽ പരിച്ഛേദിക്കപ്പെടുന്നില്ല എന്നുമാത്രം പറഞ്ഞാൽ മതിയാവുന്നതല്ലല്ലോ. അതുമല്ല, ഈ അപരിച്ഛിന്നത ആത്മാവിന്നു് ഉണ്ടെന്നു വിശ്വസിക്കാനും പ്രയാസം കാണുന്നു. ഓരോരുത്തരുടേയും അനുഭവത്തെവെച്ചുനോക്കുമ്പോൾ, "ഞാൻ ഇവിടെ ഇരിക്കുകയാണു്; അവിടെ നില്ക്കുകയാണു്" എന്നു് എല്ലവരും അറിയുന്നതിനാൽ ആത്മാവിന്നു് ദേശപരിച്ഛേദം ഉണ്ടെന്നല്ലേ വരുന്നതു്? അതേവിധംതന്നെ "ഞാൻ ഇന്ന കൊല്ലത്തിൽ ജനിച്ചു; ഇനി പത്താമത്തെ കൊല്ലത്തിൽ മരിക്കും" എന്ന അനുഭവവും സാർവ്വത്രികമാകയാൽ, ആത്മാവിന്നു് കാലപരിച്ഛേദരാഹിത്യവും ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. "ഞാൻ ബ്രാഹ്മണനല്ല; ഞാൻ ക്ഷത്രിയനല്ല" എന്നു തുടങ്ങിയ അനുഭവത്താൽ ആത്മാവിന്നു വസ്തുപരിച്ഛേദവും ഇല്ലെന്നു പറയാവുന്നതല്ല. ഇവയാണു് പൂർവ്വപക്ഷന്യായങ്ങൾ.

ഈ ന്യായങ്ങൾ ഒരിക്കലും യുക്തിക്കു് നിരക്കുന്നവയല്ല. ആത്മാവു് പരിപൂർണ്ണമാണെന്നും, അനാത്മാവാണു് പരിച്ഛിന്നമെന്നും, ദൃശ്യജാലം മുഴുവനും അദ്ധ്യസ്തമാണെന്നും ആണല്ലോ ഇതേവരെ പറഞ്ഞുവന്നതു്. ആകയാൽ ദേശകാലവസ്തുപരിച്ഛേദത്രയം പരിപൂർണ്ണമായ ആത്മാവിനെയല്ല, അനാത്മഭാവമായ ശരീരത്തെ മാത്രമാണു് ബാധിക്കുന്നതു്. പ്രത്യഗാത്മസ്വരൂപമായ പരിപൂർണ്ണബ്രഹ്മത്തിന്നു ദേശപരിച്ഛേദമില്ലെന്നതിനെ ഉദാഹരണസഹിതം ഇനി തെളിയിക്കാം. "കുടമുണ്ടു്, പടമുണ്ടു്, കുഡ്യകുസൂലാദികളുണ്ടു്. പൃഥിവ്യപ്തേജവായ്വാകാശാദികളുണ്ടു്" എന്നീ വിധമുള്ള ഭൂതഭൌതികമയമായ പ്രപഞ്ചത്തിൽ "ഞാൻ അനുഭവിക്കുന്നു" എന്ന സദ്ഭാവത്തോടെ വർത്തിക്കുന്നതുകൊണ്ടു് ആത്മാവിന്നു വിഭുത്വമുണ്ടു്. ഈ പറഞ്ഞതിൽനിന്നും ആത്മാവു് സർവ്വവ്യാപിയാണെന്നു സ്പഷ്ടമാണല്ലോ. സർവ്വവ്യാപിയാകയാൽ ആ

ത്മാവിന്നു ദേശപരിച്ഛേദം ബാധകമല്ല. മുൻപറയപ്പെട്ടിട്ടുള്ള യുക്തിയുടെ അടിസ്ഥാനത്തിൽ, ആത്മാവു് അനാദിയും നിത്യവുമാണെന്നു സമ്മതമാണു്. ആകയാൽ ഭാവികാലവും ഭൂതകാലവും ആത്മാവിനെ പരിച്ഛേദിക്കുന്നില്ല. ഭൂതവും ഭാവിയും ബാധിക്കാത്ത ആത്മാവിനെ വർത്തമാനവും ബാധിക്കുവാൻ തരമില്ലല്ലോ. ഈവിധം ആത്മാവു് കാലത്രയങ്ങളാലും അബാധിതമാണു്; അതു് ഏകത്വത്തോടെ ഏതു കാലത്തിലും അവഭാസിക്കുന്നു. ആത്മാവിന്നു സർവ്വാത്മകത്വവും സർവ്വസാക്ഷിത്വവും ഉള്ളതിനാൽ, വസ്തുപരിച്ഛേദവും ഇല്ലല്ലോ. വസ്തുക്കൾ ഏതെല്ലാമാണെന്നാണെങ്കിൽ പറയാം. സജാതീയഭേദംകൊണ്ടു് ഭിന്നമായവ; വിജാതീയഭേദംകൊണ്ടു് ഭിന്നമായവ; സ്വഗതഭേദംകൊണ്ടു് ഭിന്നമായവ—ഈവിധം ഭിന്നത്വം മൂന്നു വിധമാണു്. ആലു് മാവിൽനിന്നും ഭിന്നമാണു്—രണ്ടും മരങ്ങളാണെന്നിരിക്കിലും. ഈ ഭേദത്തെയാണു് സജാതീയഭേദമെന്നു പറയുന്നതു്. ഒരു വൃക്ഷം ഒരു പാറയിൽനിന്നും ഭിന്നമാണു്. ഈ ഭിന്നത്വം വിജാതീയഭേദമാണു്. അതേവിധം ഒരു വൃക്ഷം അതിൻെറ ശാഖകൾ, ഇലകൾ മുതലായവയിൽനിന്നും ഭിന്നമാണു്. ഇതു സ്വഗതഭേദമാണു്. ഈ ഭേദത്രയങ്ങളും ആത്മാവിൽ കാണപ്പെടാത്തതിനാൽ, ആത്മാവു് ഭേദശൂന്യമാണു്. അതിനാലാണു് ആത്മാവിനെ വസ്തുപരിച്ഛേദരഹിതമെന്നു വിശേഷിപ്പിച്ചതു്.

ഇനി ഇവിടെ മറ്റൊരു സംശയം പൊന്തി വരികയാണു്. ആത്മാവിൽ സജാതീയ വിജാതീയ സ്വഗതഭേദങ്ങളില്ലെന്നു ബോധ്യമാവുന്നതെങ്ങിനെ? ഒരേ ഒരു ചൈതന്യം തന്നെയല്ലേ ബ്രഹ്മചൈതന്യമെന്നും ഈശ്വരചൈതന്യമെന്നും കൂടസ്ഥചൈതന്യമെന്നും ജീവചൈതന്യമെന്നും പലേ വിധത്തിൽ സ്ഫുരിക്കുന്നതു്? ആകയാൽ സജാതീയഭേദമില്ലെന്നെങ്ങിനെ പറയും? ആത്മസ്വരൂപം ബ്രഹ്മമെന്നും അനാത്മസ്വരൂപം പ്രപഞ്ചമെന്നും രണ്ടും വേറേ വേറെ വർത്തിക്കുന്നതിനാൽ, വിജാതീയഭേദവും വന്നുകൂടുന്നില്ലേ? അതുപോലെതന്നെ, ബ്രഹ്മത്തിൽ സത്തു് ചിത്തു് ആനന്ദം എന്നീ മൂന്നു ഭാവങ്ങൾ ഉള്ളതുകൊണ്ടു് ബ്രഹ്മം സ്വഗതഭേദശൂന്യമാണെന്നും സമ്മതിക്കുന്നതെങ്ങിനെ? ഏവംവിധം മേൽപറയപ്പെട്ട മൂന്നു ഭേദങ്ങളും ആത്മാവിൽ കാണപ്പെടുമ്പോൾ ആത്മാവു് ഭേദത്രയരഹിതമെന്നു് എങ്ങിനെ സ്വീകരിക്കാം?

പ്രഥമദൃഷ്ടിയിൽ മുകളിൽ ഉന്നയിക്കപ്പെട്ട പൂർവ്വപക്ഷം ന്യായമാണെന്നു തോന്നാമെങ്കിലും, ഗാഢമായി അവലോകനം ചെയ്തുനോക്കു

മ്പോൾ അതു ശരിയല്ലെന്നു ബോദ്ധ്യമാവും. ആകാശം ഒന്നുതന്നെയെങ്കിലും, ഉപാധിഭേദംകൊണ്ടു് മഹാകാശമെന്നും, മേഘാവരിതമായ ആകാശമെന്നും, ഘടാകാശമെന്നും, ഘടത്തിലുള്ള ജലത്തിൽ പ്രതിബിംബിതമായ ആകാശമെന്നും നാനാപ്രകാരേണ എത്രവിധം പ്രതീതമാകുന്നുവോ, അതേവിധം ചൈതന്യം ഒന്നുതന്നെയെങ്കിലും മായയാകുന്ന ഉപാധിസംബന്ധംകൊണ്ടു് ബ്രഹ്മമെന്നും ഈശ്വരനെന്നും, അവിദ്യയാകുന്ന ഉപാധിസംബന്ധംകൊണ്ടു് കൂടസ്ഥനെന്നും ജീവനെന്നുമുള്ള ഭേദങ്ങളോടെ പ്രതീതമാവുന്നുവെന്നുമാത്രം. ആകയാൽ ഈ ചൈതന്യത്തിൽ സജാതീയഭേദമില്ല.

കയറില്ലാതെ അതിൽ ആരോപിതമാവുന്ന പാമ്പില്ല; ആകാശമില്ലെങ്കിൽ അതിൽ മേഘം ധൂമം മുതലായ മാലിന്യങ്ങളും ഉണ്ടാവാൻ തരമില്ല. അതേവിധംതന്നെ ആത്മാവില്ലെങ്കിൽ അനാത്മാവും ഒരിക്കലും ഉണ്ടാവുന്നതല്ല. അധിഷ്ഠാനമില്ലാതെ ആരോപിതമായ ഒന്നിന്നും നിലനില്ക്കുവാൻ കഴിയുന്നതല്ലല്ലോ? മിത്ഥ്യാഭൂതമായതു, മച്ചിയുടെ പുത്രനെന്നപോലെയും, മുയലിന്റെ കൊമ്പെന്നപോലെയും, കാലത്രയത്തിലും ഇല്ലാത്തതാണു്. ഏവംവിധം അനാത്മാവു് പരമാത്ഥത്തിൽ ഇല്ലാത്തതായതുകൊണ്ടു്, ആത്മാവിൽ വിജാതീയഭേദം സംഭാവ്യമല്ല.

ഇനി സ്വഗതഭേദത്തെക്കുറിച്ചാണെങ്കിൽ, ആത്മാവെന്നും, സാക്ഷിയെന്നും, കൂടസ്ഥനെന്നും, പാരമാത്ഥികനെന്നും, പ്രാജ്ഞനെന്നും, ബ്രഹ്മമെന്നും, സത്തെന്നും, ചിത്തെന്നും, ആനന്ദമെന്നും, നിത്യമെന്നും, ഏകമെന്നും പരിപൂൎണ്ണമെന്നും ഉള്ള വിധിവാക്യനാമങ്ങളും, അസ്ഥൂലമെന്നും, അനന്യമെന്നും, അദ്വൈതമെന്നും, അചിന്ത്യമെന്നും, അവികാരിയെന്നും, അവിനാശിയെന്നും, അകൎത്താവെന്നും, അകാരയിതാവെന്നുമുള്ള നിഷേധവാക്യനാമങ്ങളും എല്ലാം ഒരേ ഒരു നിൎവ്വിശേഷമായ ആത്മസ്വരൂപത്തെ വൎണ്ണിക്കുന്ന നാമങ്ങളെന്നല്ലാതെ, അവ ഒരിക്കലും ആത്മാവിന്റെ സ്വരൂപഭേദത്തെക്കുറിക്കുന്നവയല്ല. ആത്മാവു് നിൎവ്വിശേഷവും നിരംശവുമാണെന്നു സകലപ്രസിദ്ധമാണല്ലോ. ആകയാൽ ആത്മാവിൽ സ്വഗതഭേദവും ഒരിക്കലുമില്ല.

സത്തു്, ചിത്തു്, ആനന്ദം എന്നീ പദങ്ങൾ ഭിന്നാത്ഥങ്ങളാണു്; കരം, ഹസ്തം, പാണി എന്നീ പദങ്ങൾപോലെ ഒരേ വസ്തുവിന്റെ പൎയ്യായങ്ങളല്ല. ഇലകൾ, പുഷ്പങ്ങൾ, ഫലങ്ങൾ എന്നീ രൂപത്തിൽ മരം സ്ഥിതിചെയ്യുന്നു എന്നു പറയുമ്പോൾ, പുഷ്പഫലാദികൾക്കു്

മരത്തിൽനിന്നും ഭേദഭാവമുണ്ടു്. അതേവിധംതന്നെ ഭിന്നാത്മങ്ങളോടുകൂടിയ സദ്_ചിദ്_ആനന്ദപദങ്ങളും ആത്മാവിന്റെ സ്വഗതഭേദത്തേയല്ലേ കുറിക്കുന്നതു് എന്നാണെങ്കിൽ, അതങ്ങിനെയല്ല. ചുവപ്പുവണ്ണത്തോടും, ഉഷ്ണത്തോടും, പ്രകാശത്തോടുംകൂടിയ അഗ്നിയെന്നു പറയുമ്പോൾ അഗ്നിക്കു് സ്വഗതഭേദമില്ല. അതേവിധം സദ്ചിദാനന്ദരൂപമായ ആത്മാവു് എന്നു പറയുമ്പോൾ ആത്മാവിന്നു സ്വഗതഭേദമില്ല. ഈ ഉപമയെ "പത്രപുഷ്പഫലരൂപമായ വൃക്ഷം" എന്നതിലും പ്രയോഗിക്കരുതെന്നു മാത്രം. അവിടെ പത്രപുഷ്പഫലാദികൾക്കു് ഭേദഭാവമുണ്ടു്; എന്തുകൊണ്ടെന്നാൽ വൃക്ഷത്തെ മുഴുവനും പത്രമെന്നോ പുഷ്പമെന്നോ ഫലമെന്നോ പറയാറില്ല; വൃക്ഷത്തിന്റെ പുഷ്പം, വൃക്ഷത്തിന്റെ ഇലകൾ, അതിന്റെ ഫലങ്ങൾ എന്നു വൃക്ഷത്തെ എല്ലായ്പോഴും പത്രപുഷ്പാദികളിൽനിന്നും ഭിന്നമായിട്ടേ പറയാറുള്ളൂ. ആകയാൽ വൃക്ഷോദാഹരണത്തിൽ സ്വഗതഭേദമുണ്ടു്. ചുവപ്പുനിറം, ചൂടു്, പ്രകാശം എന്നിവയോടുകൂടിയ അഗ്നിയെന്നപോലെ സദ്ചിദാനന്ദരൂപമായ ആത്മാവു് എന്നു പറയുമ്പോഴും ഒരേ ഒരു ഭേദശൂന്യമായ ബ്രഹ്മചൈതന്യത്തെത്തന്നെയാണു് ലക്ഷിക്കുന്നതു്.

അതങ്ങിനെയാണെങ്കിൽ എന്തിന്നായിക്കൊണ്ടാണു് ശ്രുതി "ആത്മാവു് സദ്രൂപമാണു്; ചിദ്രൂപമാണു്; ആനന്ദരൂപമാണു്" എന്നാവർത്തിച്ചാവർത്തിച്ചു പറയുന്നതു്? ഒരേ ഒരു ഉപദേശംകൊണ്ടു് ആത്മഭാവത്തെ പ്രതിപാദിച്ചുകൂടേ? ഇതിന്നു സമാധാനം പറയാം. ഒരു പ്രയോജനവുമില്ലാതെ ശ്രുതി ഇപ്രകാരം ചെയ്യുന്നതല്ലല്ലോ. ആത്മനിഷ്ഠമായ സത്തിനെ ജഗത്തിലും, ചിത്വത്തെ ജഡങ്ങളായ ബുദ്ധ്യാദികളിലും, ആനന്ദത്വത്തെ പുത്രഭാര്യാദികളിലും, അതേവിധം ജഗന്നിഷ്ഠമായ അസത്തേയും, ബുദ്ധ്യാദിനിഷ്ഠമായ ജഡത്വത്തേയും പുത്രഭാര്യാദിനിഷ്ഠമായ ദുഃഖത്തെയും സദ്ചിദാനന്ദസ്വരൂപമായ ആത്മാവിലും പരസ്പരം വിപരീതമായ അവിദ്യമൂലം ആരോപിക്കയാണു് ചെയ്യുന്നതു്. അതുഹേതുവായി "ജഗത്തു സർവ്വവും സത്യമാണു്" എന്നും "ബുദ്ധി മുതലായവ ചേതനങ്ങളാണു്" എന്നും "പുത്രകളത്രാദികൾ ആനന്ദരൂപന്മാരാണു്" എന്നും, "ഞാൻ നശ്വരനാണു്" "ഞാൻ ജഡനാണു്" "ഞാൻ ദുഃഖിയാണു്" എന്നും ജീവന്മാർ ഭ്രമിക്കുകയാണു്. ഈ ഭ്രാന്തിയുടെ നിവൃത്തിക്കായി മാതൃഭൂതയായ ശ്രുതി ജീവന്മാരെ ഉപദേശിക്കുകയാണു്: "ഹേ ജീവാത്മാക്കളേ! നിങ്ങൾ വാസ്തവത്തിൽ സച്ചി

# യോഗവാസിഷ്ഠത്തിലെ രണ്ടു ശ്ലോകങ്ങൾ

സർവ്വമതങ്ങളിലും ലോകസൃഷ്ടി, സൃഷ്ടികർത്താവു്, സൃഷ്ടിക്രമം, ലോകസൃഷ്ടിയുടെ ഉദ്ദേശം എന്ന വിഷയങ്ങളെപ്പററി അതിപ്രധാനമായ വിശ്വാസങ്ങളും, വിവരണങ്ങളും ഉണ്ടായിരിക്കും. എന്നാൽ അദ്വൈതവേദാന്തികളും ബ്രഹ്മജ്ഞാനികളും സൃഷ്ടിയിലും സൃഷ്ടികർത്താവിലും വിശ്വസിക്കുന്നില്ല. അവർ ബ്രഹ്മാണ്ഡത്തിനെല്ലാം ആധാരഭൂതമായിരിക്കുന്ന പരബ്രഹ്മം ഒന്നിൽ മാത്രമാണു് വിശ്വസിക്കുന്നതു്. ആ ഏകസത്താത്മകമായ ശക്തിക്കു് ആകാരമോ ആകാരസംഭവങ്ങളായ വികാരങ്ങളോ ഇല്ല. ഈശ്വരനു് ആകാരമുണ്ടെങ്കിൽ, ദേശകാലങ്ങളാൽ പരിച്ഛിന്നനും പരിമിതനും ആകുമല്ലൊ. വികാരങ്ങളുണ്ടെങ്കിൽ മനുഷ്യമനസ്സിൽനിന്നു് ഒട്ടും വ്യത്യാസപ്പെട്ടതായിരിപ്പാൻ നിവൃത്തിയില്ലതാനും.

വേദാന്തശാസ്ത്രത്തിൽ അശിക്ഷിതമായ മനുഷ്യമനസ്സിന്നു് ദേശകാലങ്ങൾക്കു് അതീതമായ ഒരു പൊരുളുണ്ടെന്നും, അതു കാരു

---

ദാനന്ദരൂപന്മാരാണു്. ആരും തെററിദ്ധരിക്കരുതു്. ആത്മാവു് സദ്രൂപമാണു്, അസൃതരൂപമല്ല; ചിദ്രൂപമാണു്, ജഡരൂപമല്ല; ആനന്ദരൂപമാണു്, ദുഃഖരൂപമല്ല''. സത്തു്, ചിത്തു്, ആനന്ദം എന്നീ പദങ്ങളുടെ പ്രയോഗം ആത്മാവിൽ ഭേദമുണ്ടെന്നു സൂചിപ്പിക്കാനല്ല. കേവലം വിവാദപരന്മാരായ ചിലർ ലോകത്തിലുണ്ടു്. അവർ പറയാറുണ്ടു്: ''സത്ഭാവം ആത്മാവിന്റെ ധർമ്മവും, ചിത്ഭാവവും ആനന്ദവും ഗുണങ്ങളുമാണു്, ആകയാൽ ആത്മാവു് സച്ചിദാനന്ദരൂപനല്ല'' എന്നു്. ഈ തെററിദ്ധാരണ വരാതിരിക്കാനായാണു് ശ്രുതി ''ആത്മാ സച്ചിദാനന്ദസ്വരൂപഃ'' എന്നു സ്വയം ബോധിപ്പിക്കുന്നതു്. ശ്രുതിയുടെ താല്പര്യം ഈ വിധമാണെന്നെങ്ങിനെ തീരുമാനിക്കുമെന്നാണെങ്കിൽ, എല്ലാ ശ്രുതികളും ഉപക്രമം ഉപസംഹാരം തുടങ്ങിയ ആറുവിധ ലിംഗങ്ങളെക്കൊണ്ടു് ആത്മാവിന്റെ അഖണ്ഡതയെത്തന്നെയാണു് സ്ഥാപിക്കുന്നതെന്നു സർവ്വസമ്മതമാണല്ലോ.

(തുടരും)

കാരണങ്ങളെ അതിക്രമിച്ചിരിക്കുന്ന മൂലകാരണമാണെന്നും, അതിന്റെ സ്ഫുരണമാത്രമായിട്ടാണ് ഈ ദൃശ്യബ്രഹ്മാണ്ഡം മുഴുവനും പ്രത്യക്ഷപ്പെട്ടിരിക്കുന്നതു് എന്നും, ബ്രഹ്മാണ്ഡത്തിൽ എന്തെല്ലാം മാററങ്ങളും ദൃശ്യങ്ങളായ വസ്തുക്കളിൽ രൂപനാശങ്ങളും വന്നുകൊണ്ടിരുന്നാലും, മൂലപ്പൊരുളിനു യാതൊരു നാശവും വന്നുചേരുന്നില്ലെന്നും മനസ്സിലാക്കാൻ കഴിയുന്നതല്ല. വായുമണ്ഡലത്തിൽ സ്പന്ദനം വരുന്നതാണല്ലോ നമ്മുടെ ശരീരത്തിൽ തട്ടുന്ന കാററ്. അതു് വരുന്നതും പോകുന്നതും നമ്മുടെ ശരീരത്തെ സ്പർശിക്കുന്നതുമായി അനുഭവപ്പെടുന്നു. എന്നാൽ അതിനു് ആവിർഭാവവും നാശവും ഉണ്ടോ? ഇല്ല. അതു വായുമണ്ഡലത്തിന്റെ ഒരു സ്ഫുരണം മാത്രമാണ്.

ഈ പ്രകാരം ദൃശ്യമായ പ്രപഞ്ചവും അതിനെ അറിയുന്നതും അനുഭവിക്കുന്നതുമായ മനസ്സും പരമസത്തയുടെ, അതായതു ബ്രഹ്മത്തിന്റെ, ഒരു സ്ഫുരണം മാത്രമാണ്. സ്ഫുരണത്തെമാത്രം അറിഞ്ഞുകൊണ്ടിരിക്കുന്നവർ എത്രയും ക്ലേശിച്ചുംകൊണ്ടു് ജനനമരണങ്ങൾക്ക് വിധേയരായിരിക്കും. നേരെമറിച്ച് സ്ഫുരണത്തിന്നാധാരമായ ബ്രഹ്മത്തെ സാക്ഷാൽക്കരിക്കുന്നവർ നിത്യാനന്ദപദമായ ബ്രഹ്മജ്ഞാനത്തെ ജീവിച്ചിരിക്കുമ്പോൾതന്നെ പ്രാപിക്കും. ധ്യാനബലത്താൽ മനസ്സിനെതന്നെ തരണം ചെയ്തു ബ്രഹ്മത്തിൽ ലയിക്കുന്നതാണ് അതിനുള്ള ഏകമാർഗ്ഗം. യോഗവാസിഷ്ഠത്തിൽ ഈ തത്വത്തെ വിവരിക്കുന്ന ശ്ലോകങ്ങൾ അസംഖ്യം ഉണ്ടെങ്കിലും ചിലതുമാത്രം ഇവിടെ ഉദ്ധരിക്കാം.

> പൂർവ്വം മനഃ സമുദിതം പരമാത്മതത്വാത്
> തേനാതതം ജഗദിദം സവികല്പജാലൈഃ
> ശൂന്യേന ശൂന്യമപി തേന യഥാംബരേണ
> നീലത്വമുല്ലസതി ചാരുതരാഭിധാനം.

"ആദ്യമായി പരമാത്മാവിൽനിന്നു് മനസ്സാണ് സമുദിതമായതു്, അതായതു് സ്ഫുരിച്ചിട്ടുള്ളതു്. മനസ്സിൽ സംജാതമാകുന്ന വൃത്തികളാൽ ഈ ദൃശ്യപ്രപഞ്ചവും വിസ്തൃതമാക്കപ്പെടുന്നു. ശൂന്യമായതും യാതൊരു പൊരുളുമില്ലാത്തതും ആയ ആകാശത്തിനു് അതിമനോഹരമായ നീലനിറം ഉണ്ടാകുന്നമാതിരിയിലാണ് ബ്രഹ്മത്തിൽ പ്രപഞ്ചസ്ഫുരണം ഉണ്ടായിട്ടുള്ളതു്".

ഈ ശ്ലോകത്തിൽ ലോകത്തെ മനസ്സാണ് സൃഷ്ടിച്ചിരിക്കുന്നതു് എന്നല്ല പറയുന്നതു്. മനസ്സും ലോകവും രണ്ടു് എന്നു തോന്നിയാലും

* *

ഒന്നുതന്നെയാണെന്നാണ്. ശൂന്യമായ ആകാശത്തിന്നു നീലനിറമായി ശോഭിക്കുവാൻ ഉള്ള ശക്തിയുണ്ടെങ്കിൽ സൎവ്വസത്താത്മകമായ ബ്രഹ്മത്തിന്നു പ്രപഞ്ചമായി എന്തുകൊണ്ട് സ്ഫുരിച്ചുകൂടാ? ഈ വസ്തുതയെ അറിയലാണ് ജ്ഞാനനിഷ്ഠയിൽ മുഖ്യമായ ഒരു ഘടകം. മനസ്സ് എന്നു കേൾക്കുമ്പോൾ ശരീരത്തിന്റെ ഒരു ഭാഗത്തിൽ മനസ്സ് ഒളിഞ്ഞിരിക്കുന്നുവെന്നു ഭ്രമിച്ചുപോകരുത്. ശരീരം വാസ്തവത്തിൽ മനസ്സിലാണ്, അല്ലാതെ മനസ്സ് ശരീരത്തിലല്ല. ഈ ശ്ലോകം മനസ്സിനെ ഒരു വസ്തുതയായിട്ടാണ് പറയുന്നത്.

> സങ്കല്പസംക്ഷയവശാത് ഗലിതേ തു ചിത്തേ
> സംസാരമോഹമിഹികാ ഗലിതാ ഭവന്തി
> സ്വച്ഛം വിഭാതി ശരദീവ ഖമാഗതായാം
> ചിന്മാത്രമേകമജമാദ്യമനന്തമന്തഃ.

"സങ്കല്പങ്ങളും വൃത്തികളും സമ്പൂൎണ്ണമായി അന്തഃകരണത്തിൽനിന്നു മാഞ്ഞുപോകുമ്പോൾ, പ്രപഞ്ചഭ്രാന്തിയാകുന്ന കാർമേഘവും മാഞ്ഞുമറയുന്നു. അപ്പോൾ ശരത്കാലത്തിലെ ശുദ്ധമായ ആകാശത്തെപ്പോലെ അകത്ത് ഏകവും, ചൈതന്യസ്വരൂപവും, അനാദിയും, അനന്തവും, എല്ലാററിന്നും മൂലകാരണവുമായ പരമാത്മാവ് സ്വയം പ്രശോഭിക്കുന്നു".

ധ്യാനത്തിൽ, അല്ലെങ്കിൽ നിദിധ്യാസനത്തിൽ, മനസ്സിനെ തരണം ചെയ്ത് ആത്മാവിൽ വിലീനമാക്കാൻ ആണ് ഉദ്യമിക്കേണ്ടത്; കേവലം ഏകാഗ്രമാക്കാൻ അല്ല. മനസ്സ് ഇല്ലാതായാൽ പ്രപഞ്ചവും ഇല്ലാതാകുന്നു. അതായത് പ്രപഞ്ചവും താനും ബ്രഹ്മമായി വിളങ്ങുന്നു. ഈ ജ്ഞാനാഭ്യാസം, അതായത് ആത്മധ്യാനംഎത്രയും സുഖമായ ഒന്നാണ്. പ്രഭാതത്തിലും സന്ധ്യാസമയത്തും ഓരോ മണിക്കൂർവീതമെങ്കിലും "സോഹം" എന്നു ഉത്തമഭാവനയോടെ നിദിധ്യാസനം ചെയ്ത് അഭ്യസിക്കുകയാണെങ്കിൽ ക്രമത്തിൽ മനസ്സിലെ വാസനകളെല്ലാം പോയി, അന്തഃകരണം ശുദ്ധമായി ആത്മാനുഭൂതി അചിരേണ ഉണ്ടാകുന്നതാണ്.

---

# തത്വാത്മകഥകൾ—10

## ഇന്ദ്രനും വിരോചനനും

ഛാന്ദോഗ്യോപനിഷത്ത്—(സാമവേദം)

**(സ്വാമി ദയാനന്ദതീർത്ഥ)**

"ശാസ്ത്രങ്ങളിലൂടെയും ആചാര്യാനുശാസനംമുഖേനയും ലഭ്യമാകുന്ന ആത്മജ്ഞാനം സാക്ഷാൽക്കരിച്ചവർ എല്ലാ ലോകങ്ങളേയും എല്ലാ കാമങ്ങളേയും പ്രാപിക്കുന്നു" എന്ന പ്രജാപതിയുടെ അരുളപ്പാടിന്റെ പരമാർത്ഥസ്ഥിതി അറിയാൻ ദേവാസുരന്മാർ ഉദ്യുക്തരായി. ജന്മനാ ശത്രുത്വത്തിൽ വർത്തിക്കുന്ന കൂട്ടരാണല്ലോ ദേവന്മാരും അസുരന്മാരും. അത്യുന്നതമായ അറിവ് അന്വേഷിച്ചാണ് അവരുടെ ഇപ്പോഴത്തെ പുറപ്പാട്. അതിൽ ശത്രുമിത്രഭേദം ആവശ്യമില്ലാത്തതാണ്. ദേവന്മാർ ഈ അറിവു നേടി വരുവാൻ അവരുടെ പ്രതിപുരുഷനായി രാജാവായ ഇന്ദ്രനെ തിരഞ്ഞെടുത്തപ്പോൾ, അസുരന്മാർ അവരുടെ രാജാവായ വിരോചനനേയും ഇതിനു നിയോഗിച്ചു. ഇവർ രണ്ടുപേരും പുറപ്പെട്ടതു് ഈ അറിവിന്റെ ഉപജ്ഞാതാവായ പ്രജാപതിയുടെ സമീപത്തേയ്ക്കുതന്നെ ആയിരുന്നു. ഇതിലും ശ്രേഷ്ഠനായ ഒരു ഗുരുവിനെ അവർക്കു ലഭിക്കാനില്ലല്ലോ. പരസ്പരം മൈത്രീഭാവം സ്വീകരിക്കാതെതന്നെ ഇവർ വിധിപ്രകാരം സമിത്പാണികളായി പ്രജാപതിയുടെ സമീപത്തെത്തിച്ചേർന്നു.

ജ്ഞാനലബ്ധിയിൽ കുതുകികളായ ഇവരെ പ്രജാപതി പ്രീതിപൂർവ്വകം സ്വീകരിച്ചു. അവരുടെ ആഗമനോദ്ദേശം മനസ്സിലാക്കിയ അദ്ദേഹം, അവരോടു മുപ്പത്തിരണ്ടു സംവത്സരം ബ്രഹ്മചര്യം സ്വീകരിച്ച് ആശ്രമത്തിൽ വസിക്കുവാനാണ് കല്പിച്ചയച്ചതു്.

സർവ്വ വിദ്യകളിലുംവച്ച് അതിശ്രേഷ്ഠമായ അദ്ധ്യാത്മവിദ്യ എല്ലാവരാലും സ്വീകരിക്കപ്പെടാവുന്നതല്ല. ഉറച്ച ബ്രഹ്മചര്യവും നിറഞ്ഞ വൈരാഗ്യവുമുള്ളവർക്കുമാത്രമേ അദ്ധ്യാത്മവിദ്യ ഉപകാരപ്രദമായി ഭവിക്കൂ. വൈരാഗ്യമില്ലാത്തവൻ ഒരു ശാസ്ത്രമെന്ന നിലയ്ക്കു് ആത്മസംഹിത മനസ്സിലാക്കിയാൽത്തന്നെയും അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിക്കയില്ല. സാധാരണ ലോകത്തിനു ഹിതകരമായിത്തോന്നുന്നതു പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭൂതമാകുന്ന ഭൗതികസുഖങ്ങൾമാത്രമാണ്". അങ്ങിനെ ഭൗതികസുഖങ്ങളിൽ ലീനമായ മനസ്സിനെ അതിൽനിന്നും വ്യതിചലിപ്പിച്ച് ആദ്ധ്യാത്മികതലത്തിലേയ്ക്കു് ഉയർത്തണമെങ്കിൽ ഈ ഭൗതികതയുടെ ഉള്ളിലെ പൊള്ളത്തം തികച്ചും വ്യക്തമാകണം. അതിന്റെ അപൂർണ്ണതയും, അവയുടെ ത്യാഗത്താൽ ലബ്ധമാകുന്ന പരമപൂർണ്ണതയും, ഇരുളും വെളിച്ചവുമെന്നപോലെ പ്രസ്പഷ്ടമാകുമ്പോൾ മനുഷ്യൻ താനേ വിരാഗിയാകും. അങ്ങിനെ വൈരാഗ്യാധിഷ്ഠിതമായ മനോവൃത്തി കൈവന്നാലേ അദ്ധ്യാത്മനിഷ്ഠ സാദ്ധ്യമാ

കു. അദ്ധ്യാത്മനിഷ്ഠ വേണമെന്നുള്ളവനുമാത്രമേ ആ വിദ്യ പ്രയോജനപ്രദവുമാകൂ. ഈ തത്വത്തെ അടിസ്ഥാനമാക്കിയാണ് പുരാതനഭാരതീയ വിദ്യാർത്ഥികൾ ബ്രഹ്മചര്യം സ്വീകരിച്ച് വിനയാന്വിതരും,പ്രശാന്തരും ഗുരുശുശ്രൂഷാരതരുമായി ഗുരുഗൃഹത്തിൽ അധിവസിച്ച് വിദ്യാസ്വീകരണം ചെയ്യണമെന്ന നിഷ്കർഷിച്ചിരുന്നത്. ഇതിനെ ഊന്നിയുറപ്പിക്കലായാണ് പ്രജാപതിയുടെ ഈ ആജ്ഞ നാം മനസ്സിലാക്കേണ്ടതും.

വിദ്യാലബ്ധിയിൽ അത്യുത്സുകരായിരുന്ന ഇന്ദ്രനും വിരോചനനും പ്രജാപതിയുടെ ആജ്ഞയെ മാനിച്ച് മുപ്പത്തിരണ്ട വർഷക്കാലം അവിടെത്തന്നെ ബ്രഹ്മചര്യം സ്വീകരിച്ച പാർത്തു. അനന്തരം തന്റെ സമീപത്തിൽ എത്തി വിനയാന്വിതരായി കൈകൂപ്പിനിന്ന് അവരോട് എന്താണ് വേണ്ടതെന്ന പ്രജാപതി ചോദിച്ചു. വിഭിന്നസ്വഭാവങ്ങളോടുകൂടിയവരെങ്കിലും ഇക്കാര്യത്തിൽ ഇന്ദ്രന്റെയും വിരോചനന്റെയും അഭിപ്രായം ഐകരൂപ്യമാർന്നതായിരുന്നു. "പാപം, ശോകം, ജരാ, മരണം, വിശപ്പ്, ദാഹം മുതലായ ഭാവങ്ങൾ ഉൾകൊള്ളാത്തതും, സത്യങ്ങളായ കാമങ്ങളും, സങ്കല്പങ്ങളുംമാത്രം ഉൾക്കൊള്ളുന്നതുമായ ഈ ആത്മാവ് അറിയപ്പെടേണ്ടതാണ്. അതന്വേഷിക്കേണ്ടത് എല്ലാവരുടെയും ധർമ്മമാണ്. ആ ആത്മാവിനെ, ശാസ്ത്രവചനങ്ങളിലൂടെയും ആചാര്യാനുശാസനംവഴിയായും വേണ്ടവണ്ണം മനസ്സിലാക്കി അനുഭവത്തിൽ വരുത്തുന്നവൻ എല്ലാ ലോകങ്ങളേയും എല്ലാ കാമങ്ങളേയും പ്രാപിക്കുന്നു" എന്ന പ്രജാപതിയുടെ അരുളപ്പാടിൽ ഉയർത്തിക്കാട്ടിയ ആത്മമഹത്വം അനുഭവത്തിൽ വരുത്താൻ തങ്ങൾ ഉത്സുകരാണെന്നും അതിനു വേണ്ട ഉപദേശം നല്കി അനുഗ്രഹിക്കാൻ കനിവുണ്ടാകണമെന്നുമായിരുന്നു അവരുടെ അഭ്യർത്ഥന.

തപസ്വികളും മനഃശുദ്ധി വന്നവരുമായ അവരിൽ സന്തുഷ്ടനായ പ്രജാപതി പറഞ്ഞു: "ബാഹ്യവിഷയങ്ങളിൽനിന്നു ചക്ഷുസ്സിനെ പിൻതിരിച്ചവരും, രാഗദ്വേഷാദികൾ നശിച്ചവരുമായ തപസ്വികളുടെ അക്ഷിയിലുള്ള ദ്രഷ്ടാവുതന്നെയാണ് ഞാൻ പറഞ്ഞ ആത്മാവ്. അതിനെയാണറിയേണ്ടത്. അതിനെ അറിയുന്നവർക്ക്, മരണമോ ഭയമോ ഇല്ലതന്നെ. അതുതന്നെയാണ് അമൃതവും." പ്രജാപതിയുടെ വിവരണം ഗ്രഹിക്കാൻതക്കവണ്ണം ഗ്രഹണശക്തി ഇന്ദ്രവിരോചനന്മാർക്കുണ്ടായിരുന്നില്ല. "കണ്ണിൽ കാണപ്പെടുന്ന പുരുഷൻ" എന്നത് അവർ ഛായാരൂപനായ പുരുഷനായി മനസ്സിലാക്കി. അതിനാൽ അവരുടെ അടുത്ത ചോദ്യം ഇപ്രകാരമായിരുന്നു! 'ഭഗവൻ' ജലം, കണ്ണാടി മുതലായവയിൽ കാണുന്നതും ആത്മാവുതന്നെയോ, അഥവാ ഇതിലേതാണ് ആത്മാവായി ഗ്രഹിക്കേണ്ടത്." ഈ ചോദ്യത്തിൽനിന്നും ഇവർക്കു തത്വഗ്രഹ

ണം ഉണ്ടായിട്ടില്ലന്നും, അതിന്നു കുറേക്കൂടി കാലതാമസം വേണ്ടിവന്നേയ്ക്കുമെന്നും പ്രജാപതിക്ക വ്യക്തമായി. അതിനാൽ കൂടുതൽ വിവരിക്കാതെ അദ്ദേഹം പറഞ്ഞു: "ഇതിലെല്ലാം കാണുന്നതും ആത്മാവുതന്നെ."

അനന്തരം ജലം നിറച്ചുവച്ച ഒരു പാത്രത്തിൻെറ സമീപം കൊണ്ടുചെന്നു് അതിനുള്ളിലേയ്ക്കു നോക്കി എന്തു കാണുന്നു എന്നു പറയാൻ ആവശ്യപ്പെട്ടു. "നഖശിഖാദികൾവരെയുള്ള ഞങ്ങളുടെ പ്രതിരൂപം" ഇതായിരുന്നു അവരുടെ ഉത്തരം. പിന്നീടു് അവരെ നല്ലവണ്ണം അലങ്കരിപ്പിച്ചതിനുശേഷം ജലത്തിൽ നോക്കിച്ചു. അപ്പോഴും അവൎക്ക തത്വം മനസ്സിലായില്ല. നല്ല വസ്ത്രങ്ങളെപ്പോലെയും, ആഭരണങ്ങളെപ്പോലെയും, രോമനാഖദികളും, അവ ഉൾക്കൊള്ളുന്ന ശരീരവും, ആഗന്തുകങ്ങളും, അതിനാൽ നശ്വരങ്ങളും, തന്മൂലം നശ്വരമല്ലാത്ത ആത്മാവിൽനിന്നും വിഭിന്നവുമാണെന്നു മനസ്സിലാക്കാൻ തക്ക കഴിവു് അവൎക്കുണ്ടായിരുന്നില്ല. അലങ്കരിച്ച അവരുടെ ശരീരങ്ങൾ, അതേപടിതന്നെ കണ്ടു മനസ്സിലാക്കാനും,അതുതന്നെയാണാത്മാവെന്നുള്ള മിഥ്യാജ്ഞാനത്തിനു മിഴിവു കൂട്ടാനുംമാത്രമേ അവൎക്ക കഴിഞ്ഞുള്ളു. യഥാൎത്ഥമായ ജ്ഞാനലബ്ധിക്കുള്ള സമയമായിട്ടില്ലെന്നു വ്യക്തമായ പ്രജാപതി തൽക്കാലം അവർ മനസ്സിലാക്കിയതുതന്നെയാണാത്മാവെന്നു പറഞ്ഞുകൊടുത്തു. ഈ അറിവു് അവരെ തൽക്കാലം തൃപ്തരാക്കുകയും ചെയ്തു. ഗുരുവിൻെറ പക്കൽനിന്നും അനുഗ്രഹാശിസ്സുകൾ വാങ്ങി അവർ സ്വസ്ഥാനങ്ങളിലേയ്ക്കു യാത്രയായി.

ഇങ്ങിനെ അപൂൎണ്ണജ്ഞാനവുമായി മടങ്ങിപ്പോകുന്ന അവരെ നോക്കി പ്രജാപതി പറഞ്ഞു: "അതാ ആത്മാവിനെ അറിയാതെയും അനുഭവപ്പെടാതെയും അവർ പോകയാണു്. അവർ മനസ്സിലാക്കിയിട്ടുള്ള അറിവിലൂടെ ചരിക്കുന്നതാരായാലും അവർ ആത്മമാൎഗ്ഗത്തിൽനിന്നും വ്യതിചലിക്കും, സംശയമില്ല."

തനിക്ക ലഭിച്ച അറിവിൽ തൃപ്തനായ വിരോചനൻ കൂട്ടരായ അസുരന്മാരുടെ അടുക്കലെത്തിച്ചേൎന്നു താൻ പഠിച്ച വിദ്യ അവൎക്കും പകൎന്നുകൊടുത്തു: "ഈ ശരീരംതന്നെ ആത്മാവു്. ഇതിനെത്തന്നെയാണു് പൂജിക്കേണ്ടതും പോഷിപ്പിക്കേണ്ടതും. ഈ ശരീരമാകുന്ന ആത്മാവിനെ പൂജിച്ചാൽ ഈ ലോകവും പരലോകവും സ്വായത്തമാക്കാൻ വിഷമമില്ല." ശരിയായ ആസുരഭാവമാണിതു്. അനീശ്വരതയും, അഹങ്കാരവും മാത്രമായിരിക്കും ഈ അറിവിൻെറ ഫലം. വിരോചനൻെറ അപൂൎണ്ണമായ അറിവിൻെറ ഫലം അസുരരെക്കൊണ്ടെത്തിച്ചതിവിടെയാണു്. അനീശ്വരത്വവും, അശ്രദ്ധയും, ദാനശീലമില്ലായ്മയും ആസുരഭാവമായിട്ടാണല്ലോ എക്കാലവും കരുതിപ്പോരുന്നതു്. ശരീരംമാത്രമാണു് പൂജിക്ക

പ്പെടേണ്ടതെന്നഭിമാനിക്കുന്നവക്ക മററു ഗുണങ്ങൾ എന്തിനാണ്. മരണശേഷം ശരീരത്തെ അലങ്കരിച്ചു പരേതൻെറ അപരക്രിയകൾ നടത്തുന്നവർ ഈ ശരീരപൂജമൂലം പരലോകത്തും അവക്ക സുഖമാകുമെന്നു കരുതുന്നു. എല്ലാം ശരീരത്തിൽതന്നെ കാണുകയും, ശരീരലാളനംതന്നെ സവ്വോത്തമമായി കരുതുകയും ചെയ്യുന്നവക്ക വരുന്ന മിഥ്യാബോധമാണിതിൽനിന്നും വ്യക്തമാകുന്നതു്.

ശമഗുണാദികൾ അധികമുണ്ടായിരുന്ന ഇന്ദ്രൻ, ഗുരുവാക്യത്തെപ്പററി ചിന്തിച്ചുകൊണ്ടുതന്നെയാണ് യാത്ര ചെയ്തിരുന്നതു്. ക്രമേണ അദ്ദേഹത്തിനു താൻ ഗ്രഹിച്ച പാഠത്തിൻെറ അപൂർണ്ണത വ്യക്തമായി. പ്രജാപതി കാണിച്ചു പഠിപ്പിച്ച പാഠങ്ങൾ തങ്ങൾ തെററായി മനസ്സിലാക്കി എന്നു ബോധ്യമായി. ശരീരം അലംകൃതമായാൽ ഛായയും അലംകൃതം; വികൃതമായാൽ ഛായയും വികൃതം. അങ്ങിനെയുള്ള ഛായയിൽ ആത്മദർശനം ചെയ്താൽ അതു് അയുക്തമെന്നു യുക്തിപൂവ്വം ചിന്തിച്ചു ഗ്രഹിച്ച ഇന്ദ്രൻ സമിത്പാണിയായി പ്രജാപതിയുടെ അടുക്കൽ തിരിച്ചെത്തി. ഇന്ദ്രൻ തിരിച്ചുവന്നതിൻെറ ഹേതു മനസ്സിലായെങ്കിലും അതു ഭാവിക്കാതെ പ്രജാപതി ചോദിച്ചു: ''അല്ലയോ മഘവൻ, നീ എന്താണ് തിരിച്ചു വന്നതു്. കൂടുതൽ എന്താണ് നിനക്കു വേണ്ടതു്.'' പ്രജാപതിയുടെ ചോദ്യത്തിനു മറുപടിയായി തൻെറ സംശയം എന്തെന്ന് ഇന്ദ്രൻ വെളിപ്പെടുത്തി. ഓരോരുത്തരുടെയും സ്വഭാവവും ചിന്താഗതിയും അവരവരുടെ ചിത്തത്തിലുള്ള ഗുണദോഷസ്വഭാവങ്ങളുടെ ഏററക്കുറച്ചിലനുസരിച്ചിരിക്കുമെന്ന വസ്തുത വ്യക്തമായറിവുള്ള ഗുരുനാഥനു ശമധനനായ ഇന്ദ്രൻെറ തിരിച്ചുവരവിൽ അത്ഭുതം തോന്നിയതേയില്ല. അദ്ദേഹം ഇന്ദ്രനോടു പറഞ്ഞു: ''നിൻെറ മനസ്സിലിരിപ്പു ശരിതന്നെ. ഛായയല്ല ആത്മാവു്. അതൊരിക്കൽ പറഞ്ഞിട്ടു നിനക്കു മനസ്സിലായില്ല. അതിനാൽ വീണ്ടും പറഞ്ഞുതരാം. പക്ഷേ നിൻെറ മനസ്സു കുറേക്കൂടി നിഷ്കന്മഷമാകാനുണ്ടു്. അതിനാൽ ഇനിയും ഒരു മുപ്പത്തിരണ്ടു സംവത്സരംകൂടി ബ്രഹ്മചര്യയും തപസ്സും അനുഷ്ഠിച്ചു വസിക്കുക. അതിനുശേഷം ഞാൻ നിന്നെ പഠിപ്പിക്കാം.''

മുപ്പത്തിരണ്ടു വഷംകൂടി തപസ്സനുഷ്ഠിച്ചു വസിച്ച ഇന്ദ്രനോടു പ്രജാപതി പറഞ്ഞു: ''സ്വപ്നത്തിൽ വിവിധങ്ങളായി അറിയപ്പെടുന്നതേതാണോ അതാണാത്മാവു്. അതുതന്നെയാണ് അമൃതവും അഭയവുമായ ബ്രഹ്മം.'' ഈ സമാധാനം ഇന്ദ്രനെ ശാന്തനാക്കി. അദ്ദേഹം തിരിച്ചു യാത്രയായി. എന്നാൽ ചിന്താശീലനായ അദ്ദേഹം വീണ്ടും സംശയഗ്രസ്തനായി. ശരീരത്തിൽ വരുന്ന മാററങ്ങൾ ഛായയേ ബാധിക്കുന്നതുപോലെ സ്വപ്നത്തെ ബാധിക്കുന്നില്ല. പക്ഷേ സ്വപ്നാവസ്ഥയിലും സുഖദുഃ

ഖാദികൾ അനുഭവപ്പെടുന്നുണ്ടല്ലോ. ഈ ഭാവവ്യത്യാസങ്ങൾ ആത്മാവിൽ വരാൻ പാടുള്ളതല്ല. അതിനാൽ തന്റെ അറിവു പൂർത്തിയായിട്ടില്ല എന്നുറച്ചു വീണ്ടും സമിത്പാണിയായി ഗുരുസന്നിധി പ്രാപിച്ചു വണങ്ങി നിന്നു.

തന്റെ അറിവിലുള്ള അപൂർണ്ണത വിചാരിച്ചുകൊടുത്ത ഇന്ദ്രനെ മുപ്പത്തിരണ്ടുവർഷക്കാലത്തെ തപസ്സിനു വീണ്ടും നിയോഗിക്കയാണ് പ്രജാപതി ചെയ്തതു്. അങ്ങിനെയൊരു മുപ്പത്തിരണ്ടുസംവത്സരക്കാലംകൂടി തപസ്സനുവർത്തിച്ച ഇന്ദ്രനോടു പ്രജാപതി പറഞ്ഞു: "അക്ഷിയിൽ ദ്രഷ്ടാവും, സ്വപ്നത്തിൽ ഭോഗങ്ങൾ അനുഭവിക്കുന്നവനും ആയ പുരുഷൻതന്നെയാണ് സമസ്തകരണങ്ങളെയും ഉപസംഹരിച്ചുകൊണ്ടു പ്രസന്നനായി സുഷുപ്തിയിൽ നിർലീനനായിരിക്കുന്നതു്. അതുതന്നെയാണ് ആത്മാവ്. അതുതന്നെ ബ്രഹ്മവും."

പ്രജാപതിയുടെ ഈ പ്രബോധനവും ഇന്ദ്രനെ വേണ്ടത്ര തൃപ്തനാക്കിയില്ല. ജാഗ്രത്തിലും സ്വപ്നത്തിലുമെന്നപോലെ ദ്വൈതഭാവം സുഷുപ്തിയിൽ അനുഭൂതമാകുന്നില്ലെന്നുള്ളതു ശരിതന്നെ. പക്ഷേ ആ സ്ഥിതിയിൽ ജ്ഞാനാനുഭവവും ലഭിക്കുന്നില്ല. എല്ലാം വിനാശമടഞ്ഞപോലെ മാത്രം സ്ഥിതിചെയ്യുന്നു. ജ്ഞാനമുണ്ടെങ്കിലല്ലാതെ ജ്ഞാതാവിനെ എങ്ങിനെയാണറിയുക. സുഷുപ്തിയിൽ ജ്ഞാനമൊട്ടില്ലതാനും. അതിനാൽ പരമമായ ആത്മപ്രബോധാവസ്ഥയല്ല സുഷുപ്തി, എന്നു് ഇന്ദ്രനു ബോദ്ധ്യമായി.

വീണ്ടും തന്റെ സംശയം ഉണർത്തിയ ഇന്ദ്രനെ ഒരഞ്ചുവർഷംകൂടി തപസ്സിനു നിയോഗിക്കയാണ് പ്രജാപതി ചെയ്തതു്. ഇത്രയുമായപ്പോഴേയ്ക്കും കല്മഷങ്ങളെല്ലാം നീങ്ങി ഇന്ദ്രനു് ഏതാണ്ടു് പരിപൂർണ്ണമായ ചിത്തശുദ്ധി ലഭിച്ചുകഴിഞ്ഞിരുന്നു. അല്പമെന്തോ ബാക്കിയുള്ളതിനു് ഒരഞ്ചുകൊല്ലംകൂടി തപസ്സിനു നിയോഗിച്ചുവെന്നുമാത്രം. അങ്ങിനെ നൂററിയൊന്നുവർഷം തപസ്സനുഷ്ഠിച്ചുകഴിഞ്ഞ മഘവാനു പ്രജാപതി പരമമായ ആത്മതത്വം ഉപദേശിച്ചുകൊടുത്തു. ദേവരാജാവായ ഇന്ദ്രൻപോലും അത്യന്തം ശ്രദ്ധയോടെ ദീർഘകാലതപസ്സുകൊണ്ടു നേടിയതാണീ ആത്മബോധം എന്നു വരുമ്പോൾ അതിന്റെ മഹത്വം എത്രമാത്രമെന്നു് ഊഹിക്കാവുന്നതാണ്. ഇതുകൊണ്ടുതന്നെയാണ് ഇന്ദ്രപദവിയേക്കാളും എത്രയോ ഉപരിയായി ആത്മജ്ഞാനത്തെ കരുതിവരുന്നതും.

ഈ ശരീരം മരണസ്വഭാവമുള്ളതാണ്. സദാ മരണത്തിന്റെ കരാളമുഷ്ടിയിൽപ്പെട്ടു കഴിയുന്ന ഇതു് ആത്മാവിന്റെ ഭോഗാധിഷ്ഠാനം മാത്ര

## ജ്ഞാനാശ്രമവാർത്തകൾ

1965 സെപ്തംബർ ഒന്നാം തീയതിമുതൽ പതിനഞ്ചു ദിവസം നീണ്ടുനില്ക്കുന്ന ഒരു ജ്ഞാനയജ്ഞം, കൊച്ചി ടി. ഡി. ഹാളിൽവെച്ച് സ്വാമി പൂർണ്ണാനന്ദതീർത്ഥ സമാരംഭിക്കുന്നതാണ്.

## ഒരിക്കൽക്കൂടി

നിങ്ങൾ വായിക്കുന്നതു് ജ്ഞാനപ്രഭയുടെ ഇക്കൊല്ലത്തെ പതിനൊന്നാം ലക്കമാണ്. വരിസംഖ്യ അടക്കുന്നതിൽ അമാന്തം വരുത്തിയിട്ടുള്ള ചുരുക്കം ചിലർ അവരുടെ ആലസ്യത്തിൽനിന്നും ഒന്നുണർന്നേ തീരൂ. പതിനൊന്നു മാസം തുടർച്ചയായി മാസിക കിട്ടിയിട്ടും വരിസംഖ്യയുടെ കാര്യം മറന്നുകിടക്കുന്നവരുടെ ഓർമ്മശക്തിയേ ഞങ്ങൾ വിളിച്ചുണർത്തുകയാണ്. താമസംവിനാ അവസാനത്തെ വരിക്കാരൻ വരെ അവരവരുടെ വരിസംഖ്യ അടച്ചുതീർക്കുമെന്നു് വിശ്വസിക്കുന്നു.

## കുറിപ്പ്

മാസികാസംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും റാപ്പറിൽ കൊടുത്തിട്ടുള്ള സീരിയൽ നമ്പർ കാണിച്ചിരിക്കേണ്ടതാണെന്നു് വായനക്കാരെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

---

മാണ്. അങ്ങിനെയുള്ള ഈ ശരീരത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവിൽ തന്നെ താനാണ് ശരീരമെന്നുണ്ടാകുന്ന ഭ്രമമാണ് ശരീരഭാവം. അതിനാൽ ശരീരഭാവത്തിൽ സ്ഥിതിചെയ്യുന്നവനായ ആത്മാവിൽ പ്രിയാപ്രിയങ്ങൾ സംഭവിക്കുന്നു. ഈ അജ്ഞാനദശയിൽ ഇരിക്കുന്നിടത്തോളം കാലം ഈ ആത്മാവിനു പ്രിയാപ്രിയങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. എന്നാൽ ഇതിൽനിന്നു ഭിന്നമായ തന്റെ അശരീരതയെ ഗ്രഹിച്ചുകഴിഞ്ഞാൽ പിന്നെ പ്രിയാപ്രിയങ്ങൾ ആത്മാവിനെ സ്പർശിക്കുന്നതേയില്ല.

നിരവയവവും പൂർണ്ണവും, അവസ്ഥാത്രയങ്ങളിൽ ഒരുപോലെ സ്ഥിതിചെയ്യുന്നതും, എന്നാൽ അജ്ഞാനാവരണം നീങ്ങുമ്പോൾമാത്രം സ്ഫുടീഭവിക്കുന്നതുമായ പരമാർത്ഥസത്തയെ ഇന്ദ്രൻ അറിഞ്ഞനുഭവിച്ചു. സർവ്വസാക്ഷിയും, വിശ്വമൂർത്തിയുമായ ആത്മതത്വഗ്രഹണത്താൽ ആത്മജ്ഞാനിയായി സർവ്വോത്തമമായ ആത്മപദപ്രാപ്തിയിൽ അദ്ദേഹം കൃതകൃത്യനായി.

(തുടരും)

# ഭജഗോവിന്ദം

അഥവാ

## മോഹമുദ്ഗരം

ശ്രീ പുരുഷോത്തമതീർത്ഥസ്വാമികളുടെ

വൃത്താനുവൃത്ത പരിഭാഷയോടും,

സവിസ്തരമായ വ്യാഖ്യാനത്തോടും

കൂടിയതു്.

വില 1ക.

(തപാൽചിലവു പുറമെ.)

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ജ്ഞാനാശ്രമം,

പാറളിക്കാട്ടു് P. O.

(Via) Wadakancheri.

Reg. No. K. 434

സ്വാമി പുരുഷോത്തമതീർത്ഥരുടെ

നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ ഏററവും

ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള

## എല്ലാത്തരം ആയുർവ്വേദ ഔഷധങ്ങൾക്കും

# ജ്ഞാനാശ്രമം ആയുർവ്വേദ ഭവൻ

മെയിൻറോഡ്, വടക്കാഞ്ചേരി.

Edited, printed and published by Swami Dayananda Teertha for Jnana Asram, Parlikad. Printed at the Geetha Press, Trichur.